# കേരള
# പ്രൈവററ്
# കോളേജ്
# ടീച്ചർ

സെപ്ററംബർ 1982

# AKPCTA Journal

# കത്തുകൾ

## കൊല്ലത്തെ ഓഫീസ്

ഉന്നതവിദ്യാഭ്യാസ ഡയറക്ടർ വിളിച്ചു കൂട്ടിയ അധ്യാപക സംഘടനാ പ്രതിനിധികളും ഡപ്യൂട്ടി ഡയറക്ടറൻമാരും പങ്കെടുത്ത ഒരു കോൺഫറൻസ് ബില്ലുകൾക്ക് കാലവിളംബമുണ്ടാകാതിരിക്കാനുള്ള സംവിധാനം ചർച്ചചെയ്തു തീരുമാനിച്ചതായി അറിഞ്ഞു. പക്ഷേ, കൊല്ലം ഡപ്യൂട്ടി ഡയറക്ടറാഫീസിൽ നിന്നുണ്ടാകുന്ന അനുഭവങ്ങൾ വളരെ മോശപ്പെട്ടതരത്തിലുള്ളതാണ്.

നിലമേൽ എൻ.എസ്.എസ്. കോളേജിലെ 1981 മുതലുള്ള ബില്ലുകൾ കൊല്ലം ഓഫീസിൽ ഇപ്പോഴും കിടപ്പുണ്ട്. കുടിശ്ശിക ബില്ലിനോടൊപ്പം ഏതാനും അധ്യാപകരുടെ സർവ്വീസ് ബുക്കും അയച്ചുകൊടുത്തിരുന്നു. ഒരുവർഷം കഴിഞ്ഞിട്ടും അതൊന്നു പരിശോധിക്കാൻ മനസ്സുവരാത്ത ഈ ഓഫീസിനെക്കുറിച്ച് എന്തുപറയാനാണ്.? അവിടത്തെ ശമ്പളബില്ലുകൾ കൈകാര്യം ചെയ്തിരുന്ന ക്ളാർക്കിനെപ്പററി നിരവധി പരാതികളുണ്ടായിട്ടുണ്ട്. ഒരധ്യാപകൻ വിദ്യാഭ്യാസമന്ത്രിയ്ക്ക് വ്യക്തിപരമായ പരാതി അസോസിയേഷൻ വഴി നൽകുകയുണ്ടായി. ഒരു പത്രപംക്തിയിലും ഈ ഉദ്യോഗസ്ഥനെക്കുറിച്ച് പരാതി പ്രത്യക്ഷപ്പെടുകയുണ്ടായി. പത്രത്തിൽ പരാതി വന്നതിൻെറ അടുത്ത ദിവസം ആണെന്നു പറയുന്നു. പരാതിക്കാരനെന്നു താൻ കരുതുന്ന ഒരധ്യാപകൻെറ സർവ്വീസ് ബുക്ക് (വെരിഫിക്കേഷന് സമർപ്പിച്ചിരുന്നത്) ഈ ക്ളാർക്ക് മറെറാരു കോളേജിലേയ്ക്ക് അയച്ചുകൊടുത്തു! സർവ്വീസ് ബുക്ക് അങ്ങനെ നഷ്ടപ്പെട്ടോട്ടെ എന്ന് ഈ മഹാശയൻ കരുതിയിരിക്കാം! ഏതായാലും ഭാഗ്യം കൊണ്ട് ആ കോളേജധികാരികൾ സർവ്വീസ് ബുക്ക് ഡെപ്യൂട്ടിഡയറക്ടർക്കു തന്നെ തിരിച്ചയച്ചുകൊടുത്തു. ഇത്തരംസംഭവങ്ങൾ ഗൗരവപൂർവ്വം എടുത്ത് മേലിൽ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ കൈക്കൊള്ളാൻ അധികാരികളോട് എ കെ. പി. സി. ടി എ. ആവശ്യപ്പെടണം.

—ഒരധ്യാപകൻ നിലമേൽ കോളേജ്

# പുതിയ ബ്രാഞ്ചുകൾ

## അൽ–അമീൻ കോളേജ്-എടത്തല

എടത്തല അൽ–അമീൻ കോളേജ് അധ്യാപകരുടെ ഒരു യോഗം, കോളേജിൽ എ.കെ. പി. സി. ടി. എ. ബ്രാഞ്ചു രൂപീകരിക്കാൻ തീരുമാനിച്ചു. ശ്രീ. സി. എ. ബാബുവിനെ അഡ്ഹോക് കമ്മിററികൺവീനറായി തെരഞ്ഞെടുത്തു.

യോഗത്തിൽ സംഘടയുടെ എറണാകുളം ജില്ലാസെക്രട്ടറി ശ്രീ. കെ.കെ. രാമകൃഷ്ണൻ, ശ്രീ. വി. യു. നൂറുദീൻ (കൊച്ചിൻ കോളേജ്) എന്നിവർ പങ്കെടുത്തു.

**കേരള**
**പ്രൈവററ് കോളേജ് ടീച്ചർ**

അഖിലകേരള പ്രൈവററ് കോളേജ്
അദ്ധ്യാപകസംഘടനയുടെ മുഖപത്രം

സെപ്ററംബർ 1982
ലക്കം 39
വില ഒരു രൂപ

**പത്രാധിപസമിതി:**

എം. ആർ. ചന്ദ്രശേഖരൻ
(ചെയർമാൻ)
എൻ. എം. ജോസഫ്
എം. കെ. ചിണ്ടൻകുട്ടി
തോളൂർ ശശിധരൻ
കെ. കെ രാമകൃഷ്ണൻ
ടി. ഗോപാലകൃഷ്ണൻ
വി. നാരായണൻ കുട്ടി
വി. എൻ. മുരളി
(ചീഫ് എഡിററർ)

# തെക്കൻകാററിൽ എന്തുണ്ട് ?

കേരളം ബാലാമണിഅമ്മ പാടിയപോലെ നീലവാനിനുകീഴിൽ നാക്കിലവച്ചതുപോലെയല്ല, ഒരു നോവലിസ്ററ് തൻെറ കൃതിക്ക് പേരിട്ടപോലെ ''ഈർക്കിലിപ്ലാത്ത ഓലയില''യായി തെക്കുവടക്ക് നീണ്ട്കിടക്കുകയും തലസ്ഥാനം തെക്കേ അററത്തുള്ള തിരുവനന്തപുരമായിരിക്കുകയും ചെയ്കെ കേരളത്തിലെ ജനങ്ങളെല്ലാം തെക്കൻകാററിലെന്തുണ്ട് എന്ന് ചെവിയോർത്തിരിക്കുന്നതിൽ അത്ഭുതമില്ലല്ലോ. കേരളത്തിലെ കോളേജധ്യാപകരെല്ലാം തന്നെ കഴിഞ്ഞ കുറേദിവസങ്ങളായി തെക്കൻകാററിൽ ദത്തകർണ്ണരായിത്തന്നെ കഴിയുകയാണ്. നിയമസഭയിലെ വിദ്യാഭ്യാസ ധനാഭ്യർത്ഥനയുടെ ചർച്ചയും ആഗസ്റ്റ് മാസാവസാനവും, ഓണവും പിന്നത്തെ പല സംഭവകരങ്ങളായ വ്യാഴാഴ്ചകളും കഴിഞ്ഞശേഷമാണ് ഈ കുറിപ്പെഴുതുന്നത്. ഏററവും സൗമ്യമായി പ്പറയാൻ ആണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അതുകൊണ്ട്, ഇങ്ങനെ ചോദിക്കട്ടെ: കോരന് കുമ്പിളിൽ തന്നെയോ കഞ്ഞി ?

കോളേജധ്യാപകർക്ക് വാഗ്ദാനം ചെയ്യപ്പെട്ട കാര്യങ്ങളിൽ ഗ്രേഡ് I പ്രൊഫസ്സർ സ്ഥാനം, ജൂനിയർ ലക്ചറർ തസ്തിക റദ്ദാക്കൽ, കരിനിയമം പിൻവലിക്കൽ, നോൺകേഡർ 13 കൊല്ലം വ്യവസ്ഥക്ക് പൂർവ്വകാലാപേക്ഷ തുടങ്ങിയവയുൾപ്പെടുന്നു. ഇവയൊക്കെ ചെറിയ കാര്യങ്ങളാണ്. വലിയ കാര്യമായ യു.ജി. സി. സ്കെയിൽ സംബന്ധിച്ച് ഗവർമ്മെണ്ട് സാവകാശമെടുക്കുന്നതിൽ തൽക്കാലം ഞങ്ങൾ പരാതിപ്പെടുന്നില്ല. എന്നാൽ, ഇരുന്നേടത്തിരുന്ന് ഏതു മന്ത്രിക്കും ഒപ്പിട്ടിറക്കാവുന്ന കല്പനക്കപ്പുറമൊന്നുമല്ലാത്ത ലഘുതരങ്ങളായ ചില ആനുകൂല്യങ്ങളുടെ കാര്യത്തിൽ, വാഗ്ദാനങ്ങൾ കൈപ്പാകുംവരേയ്ക്ക് വരദാനം: വൈകിപ്പോകുന്ന ഒരു നയമുണ്ടായിക്കാണുന്നത് പരിതാപകരംതന്നെ. പ്രൈമറി സ്കൂളധ്യാപകരും സെക്കൻററി സ്കൂളധ്യാപകരും എത്രയോകൊല്ലമായി കേരളത്തിൽ അനുഭവിച്ചുപോരുന്ന ഒരാനുകൂല്യമാണ് ഗ്രേഡിനുമുകളിൽ ഗ്രേഡ്. കോളേജുകളിലും അതാണ് അധ്യാപകർ ആവശ്യപ്പെടുന്നത്. സ്കൂളുകളിൽ ആദ്യത്തെ 13 കൊല്ലത്തിന് ഗ്രേഡും മൊത്തം 23 കൊല്ലത്തിന് സൂപ്പർ ഗ്രേഡുമുണ്ട്. സെക്കൻററിയിൽ ആദ്യത്തെ പത്തുകൊല്ലത്തിനു ഗ്രേഡും മൊത്തം 23കൊല്ലത്തിന് സൂപ്പർ ഗ്രേഡുമുണ്ട്. കോളേജധ്യാപകർ എണ്ണത്തിൽ കുറവായതുകൊണ്ടാകാം ഭരണാധികാരികൾ കോളേജധ്യാപക കാര്യങ്ങളുമായി ബന്ധപ്പെടുമ്പോൾ അലസതാവിലസിതമെന്നു വിവരിക്കാവുന്ന നയം കൈക്കൊള്ളുന്നത്.

കോളേജധ്യാപകരുടെ ആവശ്യങ്ങൾ എന്തൊക്കെയാണെന്നിവിടെ ഞങ്ങൾ വിവരിക്കേണ്ടതില്ല ഭുവനപ്രഥിതമാണവ എന്നുപറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. 1981 ഫെബ്രുവരിക്കാലത്ത് നടന്ന ഏതാണ്ട് ഒരു മാസം നീണ്ടപണിമുടക്കുവേളയിൽ അധ്യാപകരുടെ പ്രശ്നങ്ങൾ തലങ്ങും വിലങ്ങും ചർച്ച ചെയ്യപ്പെട്ടിട്ടുണ്ടല്ലോ. സമരാന്ത്യത്തിൽ ഒപ്പിട്ടു

(ശേഷം 22_ാം പേജിൽ)


## കൺവൻഷന് തയ്യാറെടുക്കുക

1983 ഫെബ്രുവരി

4, 5, 6 തീയതികളിൽ

കൊല്ലത്ത്

വിദ്യാഭ്യാസസമ്മേളനം

പൊതുസമ്മേളനം

## പ്രകടനം

**ജേർണൽ സ്പെഷ്യൽ**

കൺവൻഷൻ ദിവസം പ്രസിദ്ധീകരിക്കുന്നു.

കുറിപ്പുകൾ

# പരീക്ഷാ ജോലികളുടെ പ്രതിഫലം

യൂണിവേഴ്സിററികൾ വിദ്യാർത്ഥികളിൽ നിന്ന് 'മുമ്പിനും' ഫീസ്സ് വസൂലാക്കിയിട്ടാണ് പരീക്ഷ നടത്തുന്നത്. കുറച്ച് ആപ്പീസ്സ്ജോലി യൂണിവേഴ്സിററിയിലുള്ളവർ ചെയ്യുന്നതു കഴിച്ചാൽ, ബാക്കിപരീക്ഷാജോലിയൊക്കെ അധ്യാപകരാണ് നിർവ്വഹിക്കുന്നത്. പരീക്ഷ നടത്തിപ്പ്, ഉത്തരക്കടലാസ്സ് പരിശോധന, പ്രാക്ടിക്കൽ പരീക്ഷകൾ എന്നിവയാണ് മുഖ്യമായ ജോലികൾ. ഇവയിൽ ഉത്തരക്കടലാസ് പരിശോധന വീട്ടിലിരിന്നു ചെയ്യേണ്ട ഒരു ജോലിയാണ്. (കേന്ദ്രീകൃത പരിശോധന ഉണ്ട്; ഒരു ചെറിയ അംശമാണ് കേന്ദ്രീകൃതമായിട്ടുള്ളത്). ഉത്തരക്കടലാസ് വീട്ടിലിരുന്നു നോക്കുന്നതിന്റെ പ്രതിഫലം ഇത്തിരി വൈകിയാൽ പക്ഷെ സഹിക്കാം. എന്നാലും പേപ്പർ കെട്ടിയയയ്ക്കാനുള്ള ചെലവ് എത്രയും വേഗം കിട്ടണം. ഇന്നത്തെ തപാൽ നിരക്കിൽ അത് വലിയ സംഖ്യയുമാണ്.

പ്രാക്ടിക്കൽ പരീക്ഷകൾക്ക് അധ്യാപകർ നാടാകെ ചുററിനടക്കണം. 20ക. പ്രതിദിനബത്തകൊണ്ട് മഹാനഗരങ്ങളിൽ താമസിച്ച് പരീക്ഷാ ജോലിചെയ്യുന്ന സാഹസത്തെപ്പററി ആലോചിക്കാവുന്നതേയുള്ളു. പരീക്ഷാനടത്തിപ്പ് എന്ന് പറഞ്ഞതിൽ പരീക്ഷാഹാളുകളിലെ ഇൻവിജിലേഷൻ ജോലിയാണ് പ്രധാനം. വെക്കേഷൻകാലത്ത് വീട്ടിലും നാട്ടിലും സ്വൈരമായിരിക്കുന്നതിനിടയ്ക്കാണ് കരിനിയമത്തിന്റെ ഭീഷണിക്കുകീഴിൽ പരീക്ഷാഹാളുകളിൽ കുത്തനെ പോയി നിൽക്കേണ്ടിവരുന്നത്!

പറഞ്ഞുവന്നത്, ഈവക ജോലിയ്ക്കായൊക്കെ പ്രതിഫലം അധ്യാപകർക്ക് ഉടനടൻ കിട്ടണമെന്നുതന്നെയാണ്. ദയാപൂർവ്വം രണ്ടു കൊല്ലം മുമ്പത്തെ പ്രതിഫലം അയച്ചുകൊടുക്കുന്ന പതിവ് യൂണിവേഴ്സിററികൾ അവസാനിപ്പിക്കണം. പരീക്ഷാപ്രതിഫലത്തിന്റെ കാര്യത്തിൽ 3 നിർദ്ദേശങ്ങൾ എ. കെ. പി. സി. ടി. എ. ദൃഢസ്വരത്തിൽ ഉന്നയിച്ചിട്ടുണ്ട്.

1) പരീക്ഷാ ജോലിയുടെ പ്രതിഫലം, പരീക്ഷാഫലം പ്രഖ്യാപിച്ച് രണ്ടുമാസത്തിനുള്ളിൽ കൊടുത്തുതീർക്കണം.

2) നിലവിലുള്ള എല്ലാകുടിശ്ശികകളും (കുടിശ്ശിക മേൽ ചേർത്ത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തന്നെ കണക്കാക്കണം) ഉടൻ വിതരണം ചെയ്യണം.

3) പരീക്ഷാ ജോലികളുടെ പ്രതിഫലം സാരമായി വർദ്ധിപ്പിക്കണം.

ഈ മൂന്നുകാര്യങ്ങൾ ഉപചാരത്തിനു വേണ്ടി പറഞ്ഞിട്ടുള്ളതല്ലെന്ന് കേരളത്തിലെ രണ്ടു യൂണിവേഴ്സിററികളുടെയും അധികൃതൻമാർ ധരിച്ചിരിക്കണമെന്ന് ഞങ്ങൾക്ക് അഭിപ്രായമുണ്ട്. പരീക്ഷയുടെ പ്രതിഫലം പലിശ കൂടാതെ ലഭിക്കുന്ന നിക്ഷേപമായിട്ട് യൂണിവേഴ്സിററികൾ കണക്കാക്കരുത്. സാമ്പത്തിക ആവശ്യത്തിന്റെ നാമധേയത്തിലാണ് പരീക്ഷാപ്രതിഫലം വൈകിക്കുന്നത്. പരീക്ഷാഫീസ്സില്ലെങ്കിൽ യൂണിവേഴ്സിററി നടക്കുകയില്ലെന്ന് പറഞ്ഞുകേൾക്കാം. യൂണിവേഴ്സിററിനടക്കുകയെന്നാൽ, യൂണിവേഴ്സിററിയിലെ സ്ഥിരം ഉദ്യോഗസ്ഥൻമാരുടെ ശമ്പളം—ബത്തകൾ കൊടുത്തു കൊണ്ടിരിരിക്കുക യെന്നർത്ഥം. അതിന് പക്ഷെ വക വേറെ കാണണം. പരീ

(ശേഷം 23-ം പേജിൽ)

കുറിപ്പുകൾ......

# എസ്. എൻ. ട്രസ്റ്റ്

എസ്. എൻ. ട്രസ്റ്റിലേക്ക് തിരഞ്ഞെടുപ്പുണ്ടായി. പുതിയ ഭരണാധികാരികൾ ചുമതലയേററു കഴിഞ്ഞു. പ്രസിഡണ്ടു സ്ഥാനം അലങ്കരിക്കുന്ന മുൻ ഗുജറാത്ത് ഗവർണ്ണർ ശ്രീ കെ. കെ. വിശ്വനാഥനെയും സെക്രട്ടറിപ്പദവി ഏററിട്ടുള്ള മുൻമന്ത്രി ശ്രീ. കെ. ടി. അച്യുതനെയും മററുഭാരവാഹികളെയും അനുമോദിക്കുവാൻ ഞങ്ങൾ ഈ അവസരം ഉപയോഗിക്കുന്നു.

കോളേജധ്യാപകരുടെ പ്രശ്നങ്ങൾ മുന്നോട്ടുവയ്ക്കാൻ ചുമതലപ്പെട്ട ഒരു ബഹുജന ജിഹ്വ എന്ന നിലയ്ക്ക്, എസ്. എൻ. ട്രസ്റ്റ് കോളേജുകളിലെ അധ്യാപകരുടെ ചില പ്രശ്നങ്ങൾ ഇത്തരുണത്തിൽ എടുത്തു പറയുന്നത് അസ്ഥാനത്താവില്ലെന്ന് ഞങ്ങൾ കരുതുന്നു. എസ്. എൻ കോളേജുകളിൽ എണ്ണമററ തസ്തികകളിൽ ഇപ്പോൾ ആളില്ല. ആ തസ്തികകളിലേയ്ക്ക് സത്വരം നിയമനം നടക്കണം. അതുപോലെ തന്നെ, അനേകം പ്രൊമോഷൻ പോസ്ററുകളിലേയ്ക്ക് നിയമനം നടക്കാതെയുണ്ട്. ആ ന്യൂനതയും പരിഹരിക്കണം. നമ്മുടെ നാട്ടിൽ ജോലിയേ ഇല്ലാതുള്ളു. ജോലിക്ക് നിയമിക്കപ്പെടാൻ ആളില്ലാതെയില്ല. എന്നിരിക്കേ, ഉള്ള തസ്തികകളിൽ നിയമനം നടത്താതിരിക്കുന്നത് എത്രയും വലിയ ജനദ്രോഹമാകുന്നു. അതുപോലെതന്നെ, സർവീസിലിരിക്കുന്ന അധ്യാപകരുടെ ന്യായമായ അവകാശമാണ് പ്രൊമോഷൻ തസ്തികകളിൽ നിയമനം നടത്താതിരിക്കകൊണ്ട് നിഷേധിക്കപ്പെടുന്നത്. എസ്. എൻ. ട്രസ്ററിൻെറ പുതിയ ഭരണാധിപൻമാർ ഈ രണ്ടു സംഗതികളിൽ ഉടൻ മനസ്സിരുത്തണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

എസ്. എൻ. ട്രസ്ററിലെ അധ്യാപകരെ സംബന്ധിക്കുന്ന മററൊരു സംഗതി ട്രാൻസ്ഫർ സംബന്ധിച്ചുള്ളതാണ്. വലിയ ഒരു കോർപ്പറേററ് മാനേജുമെൻറായ എസ്. എൻ. ട്രസ്ററിലെ അധ്യാപകർക്ക് ട്രാൻസ്ഫർ കാര്യത്തിൽ സമനീതി ലഭിക്കണം. എല്ലാ അധ്യാപകർക്കും സൗകര്യമായി, തങ്ങൾ ആഗ്രഹിക്കുന്നേടത്ത് ജോലി ചെയ്യാൻ സൗകര്യം ലഭിക്കുകയാണ് ആദർശയോഗ്യമായ ഒരു സ്ഥിതി. അത് പക്ഷെ പ്രായോഗികമല്ലല്ലോ. ഏററവും കുറച്ചു ക്ലേശം ഓരോ അധ്യാപകനും, ക്ലേശത്തിൻെറ വിഹിതം എല്ലാവർക്കും തുല്യമായിട്ട്—എന്നിങ്ങനെയുള്ള ഒരു സമീപനീത്തോടെ ട്രാൻസ്ഫർ പ്രശ്നം പരിഹരിക്കാവുന്നതേയുള്ളു. മററു ചില കോർപ്പറേററ് മാനേജുമെൻറുകൾ ചെയ്യുന്നതുപോലെ ട്രാൻസ്ഫർ ഇക്കാലത്ത് കയ്യിലുള്ള ഏററവും വലിയ ദണ്ഡനോപായമായി എസ്. എൻ ട്രസ്ററ് കരുതിക്കൂട. ബഹുജനപ്രസ്ഥാനങ്ങളുടെ നായകസ്ഥാനത്തും അധികാരത്തിൻെറ ഉത്തുംഗശൃംഗങ്ങളിലും ഇരുന്ന് പലതും കണ്ട് കണ്ണു മാത്രമല്ല മനസ്സും തെളിഞ്ഞിട്ടുള്ള എസ്. എൻ. ട്രസ്ററിൻെറ പുതിയ ഭരണാധികാരികളിൽനിന്ന് അത്തരം അവിവേകം ഞങ്ങൾ പ്രതീക്ഷിക്കുന്നില്ല.

കഴിഞ്ഞകാല ഭരണത്തിൽ ട്രസ്ററിനുണ്ടായ ചില നഷ്ടങ്ങളെപ്പററി കോടതികൾ പ്രസ്താവിക്കയുണ്ടായല്ലോ. ഞങ്ങൾ ഇപ്പോൾ ഓർക്കുന്നത്, എസ്. എൻ. ട്രസ്ററിൻെറ കോളേജുകളിലെ അധ്യാപകർക്കുണ്ടായ ഭീമമായ നഷ്ടങ്ങളെപ്പററിയാണ്. പലവക ശമ്പളകുടിശ്ശികകൾ അവർക്ക് കിട്ടാതെ പോയിട്ടുണ്ട്. രണ്ടുദശകംവരെ പഴക്കമുള്ളവയാണ് അവയിൽച്ചിലത്. ആ വക കുടിശ്ശികകൾ അധ്യാപകർക്ക് ലഭിക്കാൻവേണ്ടി ഒരു സന്ദർഭത്തിൽ ഗവർമ്മെണ്ടു തന്നെ വലിയൊരു സംഖ്യ മുൻകൂർ ഗ്രാൻറായി കൊടുക്കാൻ തയ്യാറായ കാര്യവുംഞങ്ങൾ ഓർക്കുന്നു. എന്നാൽ ആ സംഖ്യ ഗവർമ്മെൻറിൽ നിന്ന് വാങ്ങുകയോ അധ്യാപകരുടെ കുടിശ്ശികകൾ കൊടുക്കുകയോ ഉണ്ടായില്ല. പുതിയ ട്രസ്ററ് നേതൃത്വം ആ പഴയ കണക്കുകൾ പരിശോധിച്ച് അധ്യാപകർക്കുണ്ടായ നഷ്ടത്തിന് പരമാവധി പരിഹാരം ഉണ്ടാക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

അന്തിമമായി ഒരു കാര്യംകൂടി പുതിയ ഭരണാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്ത

ട്ടെ. ഇന്ന് കേരളത്തിൽ കോളേജുകളിലെ അധ്യാപകനിയമനത്തിന്റെ അപ്രൂവൽ കിട്ടാൻ ഏറ്റവും അധികം വൈഷമ്യവും കാലതാമസവുമുണ്ടാകുന്നത് ട്രസ്റ്റിലെനിയമനങ്ങളുടെ കാര്യത്തിലാണ്. തക്ക ഔദ്യോഗിക രേഖകൾ സൂക്ഷിക്കാത്തതും, തക്കസമയത്ത് ആവശ്യപ്പെടുന്നരേഖയ്ക്ക് അയയ്ക്കാതിരിക്കുന്നതും ഒക്കെയാണ് അതിന്റെ കാരണം. ഒരു കോർപ്പറേറ്റ് മാനേജുമെന്റ് എന്നനിലയ്ക്ക് എല്ലാ കോളേജുകളിലെയും വർക്ക് ലോഡ് പരിശോധിച്ച് സൂപ്പർ ന്യൂമററി ആയി സർവീസിൽ ആരും ഇല്ലെന്ന് തിട്ടംവരുത്തിയശേഷമേ യൂണിവേഴ്സിറ്റികൾ നിയമനത്തിന് അപ്രൂവൽ നൽകൂ. നിയമപ്രകാരമുള്ള ഇന്റർവ്യൂ, റാങ്കുനിർണ്ണയം, മുറതെറ്റിക്കാതെയുള്ള നിയമനം—ഇവയെല്ലാം വേണ്ടപടിക്കാണെന്ന് ബോധ്യപ്പെടുത്തുന്ന വിധമുള്ള രേഖകൾ—ഇങ്ങനെ പലകാര്യങ്ങളിൽ മാനേജുമെന്റ് നിഷ്കർഷിക്കേണ്ടതായിട്ടുണ്ട്. ഇതൊക്കെച്ചെയ്താൽ കഴിഞ്ഞ കുറെക്കാലമായി നിരന്തരം കണ്ടുവന്നിട്ടുള്ള പോലെ ഓരോ കോളേജിലും അപ്രൂവൽ കിട്ടാത്ത ഡസൻ കണക്കിന് അധ്യാപകർ ശമ്പളം കിട്ടാതെ ക്ലേശിക്കുന്ന സ്ഥിതിക്ക് പരിഹാരമാകും.

മേൽപ്പറഞ്ഞതിനെ എല്ലാം സംഗ്രഹിച്ച് ട്രസ്റ്റിന്റെ ഭരണം കാര്യക്ഷമമാക്കണമെന്ന് ഒറ്റവാക്യത്തിൽ പറയാം. മാനാർഹമായ ഒരു നാമധേയം; മഹത്തായ ഒരു പ്രസ്ഥാനം; മഹിതമായ ആദർശങ്ങൾ-എസ് എൻ ട്രസ്റ്റ് അതിന്റെ സ്ഥാപനത്തിനു പുറകിലെ വികാരങ്ങളെ തികച്ചും ഉൾക്കൊള്ളുന്ന വിധത്തിൽ പ്രവർത്തിക്കണം. ട്രസ്റ്റധികാരികളും ട്രസ്റ്റിനു കീഴിലെ അധ്യാപകരും രണ്ടെന്നുള്ള ഒരു നിലയുണ്ടാവരുത്. രണ്ടു വിധം ജോലി—ഒരേലക്ഷ്യത്തോടെ. എല്ലാവർക്കും യോജിച്ച് സഹകരിച്ചുപോകാൻ കഴിയുമെന്ന് തന്നെയാണ് ഞങ്ങളുടെ വിശ്വാസം. അതിന്നിടവരുമാറാകട്ടെ.

## അക്രമം, അക്രമം

മാനേജുമെന്റധികാരത്തിനുവേണ്ടി ചേരിപിരിഞ്ഞു യുദ്ധംചെയ്തുകൊണ്ടിരിക്കുന്ന പല ആളുകളും ഗ്രൂപ്പുകളുംചേർന്ന് കോഴിക്കോട്ടെ പ്രശസ്തമായ മലബാർ ക്രിസ്ത്യൻ കോളേജിനെ, ആ സ്ഥാപനത്തെ സ്നേഹിക്കുന്നവരുടെയെല്ലാം ഹൃദയത്തെ ഭേദിക്കുന്നവിധത്തിൽ അധഃപതനത്തിന്റെ പടുകുണ്ടിലാക്കിയിട്ടുള്ളകാര്യം സർവവിദിതമാണെല്ലോ. ഇപ്പോൾ അവിടത്തെ കടന്ന കൈപ്രവർത്തനങ്ങൾ; ഒരദ്ധ്യാപകനെ കേൾപ്പോരു കേൾവിയുമില്ലാത്ത വിധത്തിൽ സർവീസിൽ നിന്ന് ഡിസ്മിസ്സ് ചെയ്യുന്ന ഒരുപതനത്തിലേയ്ക്ക് ചെന്നെത്തിയിരിക്കുന്നു. യൂണിവേഴ്സിറ്റി നിയമവും അദ്ധ്യാപക സംരക്ഷണത്തിനു സുനിഷ്കൃഷ്ട വ്യവസ്ഥകളുമിരിക്കെ, മുമ്പുപിമ്പുനോക്കാത്ത അന്തംകെട്ട ഒരു മാനേജുമെന്റ്, നിയമത്തിൽപ്പറയുന്ന എല്ലാ വ്യവസ്ഥകളെയും ഉല്ലംഘിച്ചുകൊണ്ട് അദ്ധ്യാപകന്റെ മേൽ ഡിസ്മിസ്സൽ കല്പന നടത്തുകയെന്നോ? മലബാർ കൃസ്ത്യൻകോളേജിൽ സുവോളജിവകുപ്പിൽ പ്രൊഫസറായ ശ്രീ ലാൻസ്ലോട്ട് തോമസിന്റെ മേൽ മലബാർ കൃസ്ത്യൻകോളേജിന്റെ ഭരണച്ചുമതല താല്ക്കാലികമായി കയ്യേറ്റിട്ടുള്ളവർ നടത്തിയ നിയമവിരുദ്ധമായ അക്രമനടപടിയെപ്പറ്റിയാണ് ഞങ്ങൾ സൂചിപ്പിക്കുന്നത്. കോളേജിലെ യാതൊരു കാര്യവും ഈ ഡിസ്മിസ്സൽ നടപടിയിൽ അന്തർഭവിച്ചിട്ടില്ലെന്നാണ് ഞങ്ങളുടെ അറിവ്. ഇന്ന കാരണങ്ങളിന്മേൽ ഒരദ്ധ്യാപകന്റെമേൽ ദണ്ഡനീതി നടത്താമെന്ന് നിയമത്തിൽ വിധിയുണ്ട്. ആവകയൊന്നും ഈ കേസ്സിൽ ഉൾപ്പെട്ടിട്ടില്ല. അവിടുത്തെ പ്രശ്നം, മലബാർ കൃസ്ത്യൻ കോളേജ് നടത്തുന്നവർക്കിടയ്ക്കുള്ള ഒരു സ്വത്തുതർക്കമാണ്. ഡിസ്മിസ്സിൽ നടപടിക്ക് വിധേയനായ അധ്യാപകൻ കോളേജിന്റെ ഭാഗമായിരിക്കേണ്ടതെന്ന് തല്പരകക്ഷികൾ വാദിക്കുന്ന ഒരുകെട്ടിടവും പുരയിടവും ഏതോകരാറിന്റെ ബലത്തിന്മേൽ കൈവശം വച്ചുകൊണ്ടിരിക്കുന്നത്രേ! ആ കരാറിന്റെ നിയമസാധുതയെപ്പറ്റിയൊന്നും ഞങ്ങൾക്ക് അഭിപ്രായമില്ല. സ്വത്തുതർക്കം കോടതി തീരുമാനിക്കേണ്ട ഒരു കാര്യമാണ്. നിയമസാധ്യതയില്ലാത്ത കരാർ കോടതി റദ്ദ് ചെയ്യും. അധ്യാപകനെ സർവ്വീസ്സിൽ നിന്നു ഡിസ്മിസ്സ് ചെയ്തു സ്വത്തുതർക്കത്തിൽ പരിഹാരമുണ്ടാക്കാനാകുമോ? കോടതിയുടെ ജോലി മാനേജർ ഏറ്റെടുത്തുകൂടാ. കോടതിയിൽനേടാനാകാത്തത് കോളേജിൽ നേടാനാണോ മാനേജരുടെ പരിശ്രമം? സ്വത്തുതർക്കവും കോളേജിലെ സർവ്വീസ്സ് കാര്യവും തമ്മിൽ യാതൊരു ബന്ധവുമില്ല. മലബാർ ക്രസ്ത്യൻ കോളേജിന്റെ ഭരണം

(ശേഷം 9-ാം പേജിൽ)

# MINUTES OF THE DISCUSSION HELD IN THE OFFICE OF THE DIRECTOR OF COLLEGIATE EDUCATION WITH THE REPRESENTATIVES OF

# The Private College Teachers' Associations on 29-7-1982.

The meeting commenced at 11-30a.m. The following points were discussed and decisions taken.

1. DELAY IN PASSING SALARY BILLS :

(*a*) *Main Bills :* Main Bills submitted on due dates are usually passed and returned in time if there are no discrepencies. Main Bills will be passed within 5 days of the receipt of the bills.

(*b*) *Supplementary Bills:* There is delay in passing supplementary Bills and this leads to hardships to the teachers concerned. It was decided that supplementary bills should also be given priority and importance as the main bills and passed as early as possible. It was agreed that supplementary bills which are in order, will be cleared for payment within 15 days of its receipt in the office of the Deputy Director of Collegiate Education. If there are any objections or discrepencies in the claim preferred, it should be pointed out and such bills returned within 15 days.

(*c*) *Arrear Bills :* The representatives of Teachers Associations pointed out that a number of arrear bills are still pending and the offices of the Deputy Directors of Collegiate Education have not been able to clear them within 2 months as agreed to in the earlier meeting. The Deputy Directors of Collegiate Education have not been able to clear them within 2 months as agreed to in the earlier meeting. The Deputy Directors of Collegiate Education explained the difficulties in veryfying pending claims of 2 or 3 years and more and the insufficiency of staff to attend to the work that is increasing every year with the starting of new colleges. After detailed discussions it was decided that as far as possible the arrear claims of the preceding one year should be cleared within 2 months and that the other pending claims (more than one year) disposed of within 3 months.

2. DUTY LEAVE:

The Representatives stated that duty leave is sanctioned by the Principal. But when bills are presented for countersignature the Deputy Director of Collegiate Education asks for supporting documents; and this leads to a lot of difficulties to the teachers and the college staff. To avoid difficulties and hardships, it was decided that in such cases the Principal should certify on the bills that the teacher concerned was sanctioned duty leave in accordance with the rules and standing orders and that he/ she actually attended the duty to which he/ she was deputed,

3. P. F. LOANS:

It was pointed out that since credit cards have not been issued, the teachers do not know the actual amount at their cerdit and whether all their remittances

have been brought into account. The representatives were informed that action is being taken to issue credit cards.

Another point raised was the delay in closing P. F. accounts. It was stated that the teachers who hava opted 60 years are not allowed to close their P. F. accounts after the age of 55. They were informed that this was not correct There is provision even now for the full payment of the P F. dues of teachers who opt for 60 years, subject to sanction from competent authority As regads application for closing of P. F. accounts of private College Teachers, steps will de taken to expedite the settlement of the dues.

Another complaint raised was in regard to the delay in sanctioning of P. F. loans. It was decided that P. F. loan applications should be disposed of within 2 weeks of the receipt of applications.

4. VACATION SALARY:

The matter was not pursued further in view of the decision taken at the meeting held on 5-5-1982.

5. **Transfer Appointment:**

Corporate Managements have colleges affiliated to both the Universities. When a teacher is transferred from a college affiliated to one University to a college affiliated to the other University, the appointment has to be approved again by the University. This leads to difficulties in claiming the salary of the teacher transferred. It was therefore suggested that if one University had approved the appointment of the teacher, his transfer to another college under Corporate Manager may be permitted, provided the transfer was not in excess of the sanctioned strength of teachers on the subject, in that College. It was decided that the matter will be examined and taken up with Government.

6. APPOINTMENT OF TEACHERS BY MANAGEMENT:

The representatives of teachers pointed out that at present Managements are making appointments of teachers even before the staff strength is fixed by the University, with the result the teachers do not get their salary for want of approval by the University. To prevent this situation the managements should be allowed to make appointments only against sanctioned posts. Both the Government and University representatives should verify at the time of selection of teachers whether there are sanctioned vacant post to make the appointments. It was decided that the matter may be taken up with the Government and the Universities

7. FACULTY IMPROVEMENT PROGRAMME:


The teachers deputed for higher studies under ther Faculty Improvement Programme are not getting salary in time. This will be looked into and necessary steps taken to remove hardships.

8, TRANSFER T. A.

The Private College Teachers transfered from one College to another under Corporate Managements are not getting T.A. It was made clear to the representatives that such transfer T. A should be met by the Managements who effect the transfer.

(Continued to page 17)

# പ്രൊഫ. നാരായണക്കുറുപ്പ് സർവ്വീസിൽ നിന്നും വിരമിച്ചു.



പ്രൊഫ കെ. നാരായണക്കുറുപ്പ് (ഫിസിക്സ്) 32 വർഷത്തെ സേവനത്തിനുശേഷം ധനുവച്ചപുരം V T M. N S. S. കോളേജിൽ നിന്ന് മാർച്ച് 31ന് പിരിഞ്ഞിരിക്കുന്നു. കോളേജിലെ എ കെ പി. സി ററി. എ അംഗങ്ങൾ അദ്ദേഹത്തിന് ഹൃദയസ്പൃക്കായ യാത്രയയപ്പാണ് നല്കിയത്. ചടങ്ങിൽ എ. കെ പി. സി ററി. എയുടെ സംസ്ഥാന പ്രസിഡൻറ്, ജനറൽസെക്രട്ടറി സിൻഡിക്കേററ് മെമ്പർ തുടങ്ങിയ നേതാക്കൻമാരും എ. കെ ജി. സി. ററി , കെ. ജി. ററി. എ., കെ. പി. ടി. യു., എൽ. ഐ. സി. യൂണിയൻ തുടങ്ങിയ സർവ്വീസ് സംഘടകളുടെ പ്രതിനിധികളും സംബന്ധിച്ചു.

മൂന്ന് ദശകങ്ങളിലൂടെയുള്ള കുറുപ്പുസാറിൻെറ സേവനകാലത്ത് വർഗ്ഗപരമായ കാഴ്ചപ്പാട് ഉൾക്കൊള്ളാൻ കഴിഞ്ഞുവെന്നതാണ് അദ്ദേഹത്തെ സമാദരണീയനാക്കുന്നത്. അൻപത് അറുപതുകളിൽ സേവന–വേതനരംഗത്ത് പ്രൈവററ് കോളേജ് അദ്ധ്യാപകരെ രണ്ടാംതരം പൗരൻമരായി ഗണിച്ചിരുന്നകാലം കോളേജിൽ അദ്ധ്യാപകരെ സംഘടിപ്പിക്കുന്നതിനും, അവരുടെ സംഘടിതശക്തിയിലൂടെ അവകാശങ്ങളും ആനുകൂല്ല്യങ്ങളും പിടിച്ചെടുക്കുന്നതിനുമുള്ള ദീർഘവും, നിരന്തരവുമായ പോരാട്ടത്തിലെ മുന്നണിപ്പടയാളിയായിരുന്നുവെന്നത് തിരിഞ്ഞുനോക്കുമ്പോൾ തീർച്ചയായും അദ്ദേഹത്തിന് സംതൃപ്തി നല്കുന്നുണ്ടാവും.

സെനററ്, അക്കാഡമിക് കൗൺസിൽ ബോർഡ് ഓഫ് സ്ററഡീസ് തുടങ്ങിയ യൂണിവേഴ്സിററി സമിതികളിൽ കുറുപ്പുസാർ പ്രശസ്തമായ സേവനമാണ് കാഴ്ചവച്ചിട്ടുള്ളത് പ്രൈവററ് കോളേജ് അദ്ധ്യാപകരുടെ 'മാഗ്നാകാർട്ടാ'യെന്ന് വിശേഷിപ്പിച്ചിരുന്ന 1969ലെ യൂണിവേഴ്സിററി ആക്ടിൻെറ സിലക്ററ് കമ്മിററി മുൻപാകെ തെളിവ് നല്കുന്നതിനും, അധ്യാപകരുടെ സേവനവ്യവസ്ഥകൾ ഉൾക്കൊള്ളുന്ന വകുപ്പുകളുടെ കരട് തയ്യാറാക്കിസമർപ്പിക്കുന്നതിനും സംഘടന അദ്ദേഹത്തെയാണ് ചുമതലപ്പെടുത്തിയത്. ആയാസകരമായ ഈ ജോലി അദ്ദേഹം വളരെ ജാഗ്രതയോടും സാമർത്ഥ്യത്തോടും നിറവേററുകയും ചെയ്തു. അന്നുമുതൽ അദ്ദേഹം സഹപ്രവർത്തകരുടെ ഇടയിൽ 'സ്റററ്യൂട്ട് കുറുപ്പുചേട്ടൻ' എന്നാണ് അറിയപ്പെടുന്നത്.

തുല്ല്യ ജോലിക്ക് തുല്ല്യവേതനത്തിനും, 'പെർമനൻറിലി ടെമ്പററി'യെന്ന ശാപത്തിൽ നിന്ന് മോചനം നേടുന്നതിനും വേണ്ടിയുള്ള കുറുപ്പുചേട്ടൻെറ പ്രവർത്തനങ്ങളും സംഭാവനകളും പ്രൈവററ് കോളേജിലെ അദ്ധ്യാപകർ എന്നും കൃതജ്ഞതയോടെ സ്മരിക്കേണ്ടതാണ്.

—പ്രൊഫ. ആർ. രവീന്ദ്രൻ നായർ.
സെക്രട്ടറി എ. കെ. പി. സി. ടി. എ.

---

(6—ാം പേജിൻെറ തുടർച്ച)

നടത്തുന്നവർ അക്രമമായ ഒരു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്. കഴിഞ്ഞ പല കൊല്ലങ്ങളായി കേരളത്തിൽ ഇമ്മാതിരി ഒരുസംഭവമുണ്ടായിട്ടില്ല. എന്തും ചെയ്യാനുള്ള അധികാരം ഒരു മാനേജ്മെൻറിനും ഇവിടെയില്ല മലബാർ ക്രിസ്ത്യൻ കോളേജ്മാനേജർ അന്യായവും അക്രമവുമായ നടപടി ഉടൻ റദ്ദു ചെയ്ത് അധ്യാപകനെ സർവ്വീസിൽ പ്രവേശിപ്പിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. മലബാർ ക്രിസ്ത്യൻ കോളേജ്മാനേജരുടെ നിയമവിരുദ്ധമായ പ്രവർത്തനത്തെ തടയാൻ ഗവൺമെൻറ് മുന്നോട്ടുവരണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. മലബാർ ക്രിസ്ത്യൻ കോളേജിലെ അക്രമമായ ഡിസ്മിസ്സൽ മുഴുവൻഅധ്യാപകർക്കും അധ്യാപകപ്രസ്ഥാനത്തിനും എതിരായ ഒരക്രമനടപടിയായി കണ്ട്, അതിനെതിരായി സംഘടിതമായി അണിനിരക്കാൻ അധ്യാപകരോടും മുഴുവൻ വിദ്യാഭ്യാസപ്രേമികളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

# പ്രവർത്തക സമിതി

# ചർച്ചകളും തീരുമാനങ്ങളും

എ. കെ. പി. സി. ടി എ. പ്രവർത്തക സമിതിയുടെ യോഗം ഓഗസ്ററ് 22 - ന് പ്രസിഡൻറ് പ്രൊഫ. എം. ആർ. ചന്ദ്രശേഖരൻെറ അദ്ധ്യക്ഷതയിൽ പയ്യന്നൂർ ദ്വാരകാ ഹോട്ടലിൽ ചേർന്നു. എസ്. കെ. പൊററക്കാടിൻെറ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ടാണ് യോഗനടപടികൾ ആരംഭിച്ചത്.

29-7-82 ൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ വിളിച്ചുകൂട്ടിയ കോൺഫ്രൻസിലെ ചർച്ചകളെ സംബന്ധിച്ച് പ്രസിഡൻറ് റിപ്പോർട്ടു ചെയ്തു. (കോൺഫ്രൻസിലെ തീരുമാനങ്ങൾ 2-8-82-ലെ സർക്കുലറിൽ ചേർത്തിരുന്നു.)

ജൂൺ 14 - ന് ബഹു: വിദ്യാഭ്യാസമന്ത്രി വിളിച്ചുകൂട്ടിയ കോൺഫ്രൻസിൻെറ അടിസ്ഥാനത്തിലുള്ള തീരുമാനങ്ങൾ വൈകുന്നതിൽ യോഗം ഉല്ക്കണ്ഠ രേഖപ്പെടുത്തി. നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ഗവ:നോട് അഭ്യർത്ഥിച്ചു.

കോർപ്പറേററ് മാനേജ്മെൻറുകളിലെ അന്യായമായ സ്ഥലം മാററങ്ങളുടെ പൂർണ്ണമായ പട്ടിക തയ്യാറാക്കണമെന്ന് തീരുമാനിച്ചു. ബ്രാഞ്ചുസെക്രട്ടറിമാർ അതാതു യൂണിററിലെസ്ഥലം മാററം മൂലം ദുരിതമനുഭവിക്കുന്നവരുടെ വിശദവിവരം ജേർണലിൻെറ പത്രാധിപരെ (വി. എൻ. മുരളി, വസന്തം, ചെമ്പകശ്ശേരി നഗർ കേശവദാസപുരം, തിരുവനന്തപുരം.) അറിയിക്കേണ്ടതാണ്. ലിസ്ററ് ജേർണലിൽ പ്രസിദ്ധീകരിക്കും.

വളരെയധികം ബ്രാഞ്ചുകളിൽ നിന്നും മെമ്പർഷിപ്പ് ഫീസ് പൂർണ്ണമായും എത്തിയിട്ടില്ലാത്തതിനാൽ മെമ്പർഷിപ്പ് ഫീസ് അടയ്ക്കുന്നതിനുള്ള അവസാന തീയതി ഒക്ടോബർ 15 വരെ നീട്ടാൻ തീരുമാനിച്ചു. നിശ്ചിത തീയതിക്കു മുൻപായി കഴിയുന്നത്ര പുതിയ അംഗങ്ങളെ ചേർത്ത് പണം അടയ്ക്കുന്ന കാര്യത്തിൽ ദയവായി ശ്രദ്ധിക്കണമെന്ന് ബ്രാഞ്ചു സെക്രററിമാരോട് അഭ്യർത്ഥിക്കുന്നു.

സർവ്വകലാശാലാ സമിതികളിലെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു താഴെപറയുന്നവരെ ഉൾപ്പെടുത്തി സബ്ബ് കമ്മററികൾ രൂപീകരിച്ചു.

കേരള സർവ്വകലാശാല :- പ്രൊഫ ടി. ഗോപാലകൃഷ്ണൻ, പ്രൊഫ പി. രവീന്ദ്രനാഥ് പ്രൊഫ: എൻ. എം. ജോസഫ്

---

**പ്രൊഫ. എൻ. എം. ജോസഫ്**
ജനറൽ സെക്രട്ടറി

---

കോഴിക്കോട് സർവ്വകലാശാല:— പ്രൊഫ: എം. ആർ. ചന്ദ്രശേഖരൻ. ഐ. ജി. ഭാസ്കരപ്പണിക്കർ , ആർ. ആർ. സി. നായർ , വി. നാരായണൻകുട്ടി. ടി. വി. ജയിംസ്

സെനററ് — അക്കാഡമിക് കൗൺസിൽ യോഗങ്ങൾക്ക് മുൻപ് അംഗങ്ങളുടെ യോഗം ചേരേണ്ടതാണ്. പ്രസ്തുത യോഗങ്ങൾ താഴെപറയുന്നവർ വിളിച്ചുകൂട്ടുന്നതാണ്.

കേരളസർവ്വകലാശാല : — സെനററ്— പ്രൊഫ: എൻ. എം. ജോസഫ്. അക്കാഡമിക് കൗൺസിൽ — പ്രൊഫ: ടി. ഗോപാലകൃഷ്ണൻ

( ശേഷം 16—ാം പേജിൽ )

# പ്രൈവററ് കോളേജുകളിലെ സ്ഥലംമാററങ്ങൾ

കേരളത്തിലെ കോർപ്പറേററ് മാനേജുമെൻറുകൾ നടത്തുന്ന കോളേജുകളിൽ 4000-ൽപ്പരം അദ്ധ്യാപകർ ജോലിചെയ്യുന്നുണ്ട്. അദ്ധ്യാപകരെ സ്ഥലംമാററുന്നതു സംബന്ധിച്ച് ഇന്ന് യാതൊരു നിയമവ്യവസ്ഥയുമില്ല. എല്ലാ അദ്ധ്യാപകർക്കും തുല്യനീതിലഭിക്കാൻതക്ക വ്യവസ്ഥകൾ ഏർപ്പെടുത്താൻ വൈകിക്കഴിഞ്ഞു.

സ്ഥലംമാററപ്രശ്നത്തിൻെറ ഏതാണ്ടെല്ലാ വശങ്ങളും വിശദമാക്കിക്കൊണ്ട് എ. കെ. പി. സി. ടി. എ. തയ്യാറാക്കിയ ലഘുലേഖയുടെ ആദ്യഭാഗമാണ് ഇവിടെ കൊടുക്കുന്നത്. ബാക്കി അടുത്തലക്കത്തിൽ.

—പത്രാധിപർ

## ഗവർമ്മെണ്ട് ഇടപെടേണ്ട ഗുരുതരാവസ്ഥ

എൻ. എസ്. എസ്., എസ്. എൻ. ട്രസ്ററ്, എം. ഇ. എസ്., ദേവസ്വം ബോർഡ്, തൃശൂർ സി. എം. സി. മാനേജ്മെൻറ് തുടങ്ങിയവയാണ് കേരളത്തിൽ കോളേജുകൾ നടത്തുന്ന കോർപ്പറേററ് മാനേജ്മെൻറുകൾ. കോർപ്പറേററ്മാനേജ്മെൻറുകളുടെ കീഴിലായി മൊത്തം നാലായിരത്തിൽപ്പരം അധ്യാപകർ ജോലിചെയ്യുന്നു. പ്രൈവററ് കോളേജധ്യാപകരുടെ നിയമനത്തിന് അംഗീകാരം നൽകുന്നത് യൂണിവേഴ്സിററിയും അവർക്ക് ശമ്പളം നല്കുന്നത് ഗവൺമെൻറുമാണെങ്കിലും അധ്യാപകരുടെമേൽ യഥാർത്ഥമായ സൃഷ്ടിസ്ഥിതി—സംഹാര അധികാരമുള്ളത് മാനേജ്മെൻറുകൾക്കാണ്. പ്രൈവററ്കോളേജധ്യാപകരുടെ സേവന – വേതന ഘടനയിൽ വലിയ മാററങ്ങളുണ്ടായിട്ടുണ്ടെങ്കിലും മേൽപ്പറഞ്ഞ ''ത്രിമൂർത്തി'' ഭരണത്തിൻെറ പിടിയിൽനിന്ന് ഇനിയും അവർക്ക് സ്വാതന്ത്രം ലഭിച്ചിട്ടില്ല. പ്രമുഖ കോർപ്പറേററ് മാനേജുമെൻറുകളായ എൻ. എസ്. എസ്. തെക്ക് നെയ്യാററിൻകരമുതൽ വടക്ക് മട്ടന്നൂർവരെ പതിനാലും, എസ്സ്. എൻ. ട്രസ്ററ് തെക്ക് ചെമ്പഴന്തിമുതൽ വടക്ക് കണ്ണൂർവരെ പന്ത്രണ്ടും കോളേജുകൾ നടത്തുന്നു.

### ലാഭവും പീഡനവും

അധ്യാപകനിയമനത്തിലും വിദ്യാർത്ഥി പ്രവേശനത്തിലുംകൂടി കിട്ടുന്ന വരുമാനത്തിനുപുറമെ അധ്യാപകരെ വർഷം തോറും, വർഷത്തിലുടനീളവും, സ്ഥലം

മാററി മാനേജുമെൻറുകൾ ധനം സമ്പാദിക്കുന്നുണ്ട്. അത് വന്ന്വന്ന് ഇപ്പോൾ 'മുതലിനേക്കാൾ വലിയ പലിശ' എന്ന നിലയിലായിരിക്കുന്നു. അധ്യാപകരെ കൂടെക്കൂടെ സ്ഥലംമാററി ശിക്ഷിക്കുക എന്നത് എൻ. എസ്സ്. എസ്സ്.–എസ്സ്. എൻ. മാനേജുമെൻറുകളിൽ ഒരു നിത്യസംഭവമാണ്. [ഉദാഹരണത്തിനു്, എൻ. എസ്. എസ്സ്. മാനേജ്മെൻറ്, 1981-82 അധ്യയനവർഷത്തിൽ മാത്രം 20 സ്ഥലംമാററപ്പട്ടികകളിറക്കി. മാസത്തിലൊരിക്കലല്ല, ആഴ്ചയിൽ രണ്ടും മൂന്നുമെന്ന കണക്കിൽ. പിന്നീടു്, പട്ടികകളിലുണ്ടായിരുന്ന ചിലരുടെ സ്ഥലംമാററങ്ങൾ റദ്ദാക്കുകയും ചെയ്തു ]

സുനിശ്ചിത വ്യവസ്ഥകളോ, അംഗീകൃത തത്വങ്ങളോ ഈ സ്ഥലം മാററങ്ങൾക്കടിസ്ഥാനമായിട്ടില്ല. മാത്രമല്ല, അതിൽ വൻതോതിൽ അഴിമതിയും സ്വജനപക്ഷപാതവുമുണ്ടെന്ന് പരക്കെ പരാതിയുണ്ട്. മാനേജ്മെൻറുകൾ സമയാസമയങ്ങളിൽ ആവശ്യപ്പെടുന്ന കോഴകൾ കൊടുക്കാത്തതിൻെറ പേരിലും മാ നേ ജ് മെ ൻ റു ക ൾ മുൻകയ്യെടുത്ത് ഉണ്ടാക്കിയിട്ടുള്ള 'ആധ്യാപക സംഘടനായിൽ ചേരാത്തതിൻെറപേരിലും അധ്യാപകരെ പന്തുതട്ടുന്ന ലാഘവത്തോടെ സ്ഥലം മാററുന്നു. അധ്യാപകരെ ദ്രോഹിക്കുന്നതിനുവേണ്ടിമാത്രം നടത്തപ്പെടുന്നവയാണ് ഭൂരിപക്ഷം സ്ഥലംമാററങ്ങളും. ജീവനക്കാരുമായി കൂടിയാലോചിച്ച് അവർക്ക് സൗകര്യപ്രദമായ സ്ഥലങ്ങളിലേക്ക് സ്ഥലംമാററംനൽകി സംതൃപ്തരാക്കി "കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ആധുനിക മാനേജ്മെൻറ് സംസ്ക്കാരം നമ്മുടെ കോർപ്പറേററ് മാനേജ്മെൻറുകൾക്കില്ലതന്നെ അധ്യാപകരെ കഴിയുന്നിടത്തോളം, അവരുടെ ജന്മദേശത്തുള്ള കോളേജുകളിലേക്ക് മാററുകയാണ് അഭികാമ്യം. എന്നാൽ, ഇന്ന് നടക്കുന്നത്, കരുതിക്കൂട്ടി അധ്യാപകരുടെ നാട്ടിൽനിന്ന് ദൂരത്തേക്ക് ഓടിക്കുക എന്നതാണ്. ഉദാഹരണത്തിന് എൻ. എസ്. എസ്സ്. മാനേജ്മെൻറ് മലബാർ പ്രദേശത്തുകാരായ അധ്യാപകരെ ഒരാവശ്യവും കൂടാതെ കേരളാ യൂണിവേഴ്സിററി ഭാഗത്തേക്ക് സ്ഥലം മാററുന്നു [തെളിവ്: മഞ്ചേരിക്കാരനായ ഏ ശിവരാമൻ എന്ന കോമേഴ്സ് അധ്യാപകനെ മഞ്ചേരികോളേജിൽനിന്നും ചേർത്തല കോളേജിലേക്ക് മാററി. മഞ്ചേരികോളേജിലെ കോമേഴ്സ് ഡിപ്പാർട്ടുമെൻറിൽ ഉള്ള 12 അധ്യാപകരും അന്യനാട്ടുകാരാണ്. അവരിൽ ഒരാളെ മാററാൻ

# സ്ഥലംമാററ പ്രശ

(ആഗസ്റ്റ് 25 – 

സ്വകാര്യ കോളേജ് അദ്ധ്യാപകരുടെ സ്ഥലംമാററം, അതുസംബന്ധിച്ച് കേരളം, കോഴിക്കോട് യൂണിവേഴ്സിററികൾ ആവിഷ്കരിച്ചിട്ടുള്ള പൊതുതത്വങ്ങൾക്ക് വിരുദ്ധമായി നടക്കുന്നുണ്ടെന്ന് സി. കെ. ചക്രപാണിയുടെ ചോദ്യത്തിനു മറുപടിയായി വിദ്യാഭ്യാസ മന്ത്രിപ്രസ്താവിച്ചു.

ചക്രപാണി–പന്തു തട്ടുംപോലെ അധ്യാപകരെ സ്ഥലം മാററുന്ന രീതി അവസാനിപ്പിച്ചിട്ട് അതുഫലപ്രദമാക്കാൻ ശ്രമിക്കുമോ?

മന്ത്രി– സ്ഥലംമാററങ്ങളെ സംബന്ധിച്ച പരാതികൾ ഒഴിവാക്കണമെന്നും അദ്ധ്യാപകസംഘടനകളുമായി ആലോചിച്ച് സ്ഥലംമാററങ്ങൾ നടത്തണമെന്നും മാനേജുമെൻറുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സ്വകാര്യകാളേജുകളിലെ അദ്ധ്യാപക സ്ഥലം മാററങ്ങളിലെ ക്രമക്കേടുകൾ കണ്ടുപിടിക്കാൻ അദ്ധ്യാപകരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഒരു വിജിലൻസ് കമ്മിററിയെ നിയമിക്കാൻ സാദ്ധ്യമല്ലെന്ന് മെമ്പറുടെ മറെറാരു ചോദ്യത്തിന് മറുപടിയായി മന്ത്രി പ്രസ്താവിച്ചു. സ്ഥലം മാററങ്ങളെ സംബന്ധിച്ച് യൂണിവേഴ്സിററികൾ ആവിഷ്കരിച്ചിട്ടുള്ള പൊതുതത്വങ്ങൾ പാലിക്കാൻ മാനേജ്മെൻറുകൾ ബാദ്ധ്യസ്ഥമാണെന്ന് എം. വി രാഘവനോട് മന്ത്രിപറഞ്ഞു. ദമ്പതികളായ അദ്ധ്യാപകരെ ഒരേ സ്ഥലത്തുതന്നെ സ്ഥലംമാററണമെന്നത് പൊതു തത്വത്തിലുണ്ട്. എന്നാൽ ഒരേ കാളേജിൽ സ്ഥലംമാററം കിട്ടുന്ന ചില അദ്ധ്യാപക ദമ്പതികൾ തങ്ങൾക്ക് സ്ഥലംമാററം നൽകരുതെന്ന് നിവേദനങ്ങൾ നടത്തിയിട്ടുമുണ്ടെന്നും മന്ത്രി പറഞ്ഞു.

സി ടി, കൃഷ്ണൻ–സ്വകാര്യ കോളേജുകളിലെ അദ്ധ്യാപക സ്ഥലംമാററങ്ങൾ അധികവും രാഷ്ട്രീയ വിരോധം വച്ചുകൊണ്ടാണെന്ന് ഗവൺമെൻറിൻെറ ശ്രദ്ധ

# ം നിയമസഭയിൽ

ത്തരവേള)

യിൽപ്പെട്ടിട്ടുണ്ടോ ? നെൻമാറ എൻ എസ്. എസ്. കോളേജിൽ നടന്ന സ്ഥലം മാററങ്ങാം ആ വിധത്തിലായിരുന്നുവെന്നറിയാമോ ?

മന്ത്രി —അങ്ങനെ പരാതികാം ഉണ്ടായിട്ടുണ്ട്. സ്ഥലം മാററത്തിനുള്ള പൊതുതത്വം പാലിക്കണമെന്ന് മാനേജ്മെൻറുകളോട് പറഞ്ഞിട്ടുണ്ട്. അതിലപ്പുറം പോകാൻ ഗവൺമെൻറിന് വിഷമമുണ്ട്. ഓരോ വർഷവും മേയ് മാസത്തിന് മുമ്പുതന്നെ സ്ഥലം മാററം സംബന്ധിച്ച തീരുമാനം എടുക്കണമെന്നതും പൊതുതത്വത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. പരാതികളുടെ അടിസ്ഥാനത്തിൽ ഈ പ്രശ്നങ്ങളെക്കുറിച്ചെല്ലാം ഗവൺമെൻറ് മാനേജുമെൻറുകളുമായി ചർച്ച ചെയ്യാൻ ആലോചിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു-

അദ്ധ്യാപകരുടെ സ്ഥലം മാററം സംബന്ധിച്ച യൂണിവേഴ്സിററി നിയമത്തിലെ 64-ാം വകുപ്പ് അനുസരിച്ചുള്ള നടപടി സ്വീകരിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്ന് എം. കെ പത്മനാഭൻെറ ചോദ്യത്തിന് മറുപടിയായി മന്ത്രി പ്രസ്താവിച്ചു.

സ... പി. മൂസ്സാൻകുട്ടി: കോഴവാങ്ങാൻ സ...യാണ് സ്വകാര്യ മാനേജ്മെൻറു വേണ്ടി...ധ്യാപകരെ യാതൊരു തത്വദീക്ഷയു കാം അദ... സ്ഥലംമാററുന്നത്. അതുകൊ മില്ലാതെ...ാര്യത്തിൽ ഒരു നിയന്ത്രണം വരു ണ്ട് ഇക്ക... ത്തുമോ ?

മന്ത്രി — അദ്ധ്യാപക സ്ഥലം മാററവും കോഴവാ...ങ്ങലും തമ്മിൽ ഒരു ബന്ധവു മില്ല.

സി. ...ക. ചക്രപാണി, എം. വി. രാഘ ...ലെ രാധാകൃഷ്ണൻ, ടി.കെ. പ വൻ, വർക്ക..., പി. വി. കുഞ്ഞിക്കണ്ണൻ C.P. ത്മനാഭൻ ...ുട്ടി എന്നിവരായിരുന്നു ഇതു സം മൂസാൻക...ബന്ധി...ച്ച് ചോദ്യങ്ങാം ഉന്നയിച്ചിരുന്നത്.

മാനേജ...്മെൻറിന് കാരുണ്യമുണ്ടായിട്ടില്ല ചേർത്തല യിലു... സമീപപ്രദേശങ്ങളിലും ഉള്ള ഒരു ഡസ നോള...ം കോമേഴ്സ് അധ്യാപകർ ചേർത്തലക്ക് വ രുവാ...ൻ ആററുനോററിരിക്കുമ്പോഴാണ് ഇതു ണ്ട...യത്. കാലിക്കററ് സർവ്വകലാശാലയുടെയും, ഉത്തരമേഖലാഡെപ്യൂട്ടി കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെയും അധികാരപരിധിയിൽനിന്ന് കേരള യൂണിവേഴ്സിററിയുടെയും ദക്ഷിണമേഖലാഡപ്യൂട്ടി കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടേയും, അധികാരമേഖലകളിലേക്കുള്ള സ്ഥലം മാററമായതുകൊണ്ട് ശിവരാമൻെറ സ്ഥലം മാററം വളരെ സങ്കീർണ്ണമായതാണ്. അദ്ദേഹത്തിൻെറ സ്ഥലം മാററത്തിന് അധികാരികളുടെയെല്ലാം അംഗീകാരം ലഭിച്ചെങ്കിലേ അദ്ദേഹത്തിനുശമ്പളം ലഭിക്കുകയുള്ളു.] സൗകര്യപ്രദമായ സ്ഥലത്തേക്ക് സ്ഥലംമാററം കിട്ടിയില്ലെങ്കിൽ പോകട്ടെ, ചെന്നേടത്തുതന്നെ സ്ഥിരതാമസമാക്കാമെന്നുവച്ചാലോ? ആരും ആവശ്യപ്പെടാതെതന്നെ അവിടെനിന്നും മാററുകയായി. മലബാർഭാഗത്തുള്ള വിവിധ കോളേജുകളിൽ ദീർഘമായി ജോലി ചെയ്യുന്ന കേരളയൂണിവേഴ്സിററി പ്രദേശത്തുള്ള അധ്യാപകർ (ഉദാഹരണത്തിന്, മട്ടന്നൂർ കോളേജിലെ കോമേഴ്സ് അധ്യാപകനായ ടി. എൻ. രാമൻപിള്ളക്ക് 14 വർഷത്തെ മലബാർ സർവ്വീസുണ്ട്. അദ്ദേഹം ചേർത്തല കോളേജിലേക്ക് സ്ഥലം മാററം ചോദിച്ചിട്ട് എൻ. എസ്.എസ്സ്. മാനേജുമെൻറ് നാളിതുവരെ നൽകിയിട്ടില്ല] സ്ഥലംമാററം ചോദിച്ചാൽ, മിക്കപ്പോഴും അവരുടെ അപേക്ഷ മാനേജ്മെൻറ് ചെവിക്കൊള്ളാറില്ല. അഥവാ, അപേക്ഷ പരിഗണിച്ചാലാകട്ടെ, ആവശ്യപ്പെട്ട ദിക്കിലേക്കല്ല ട്രാൻസ്ഫർ കൊടുക്കുക. തിരുവനന്തപുരത്തുകാരനായ ഒരധ്യാപകൻ, ദീർഘകാലത്തെ മലബാർ സർവ്വീസിനുശേഷം തൻെറ നാട്ടിലേക്ക് സ്ഥലംമാററം ആവശ്യപ്പെട്ടാൽ അയാഠക്ക്, വാഴൂർ, ചേർത്തല, നങ്ങ്യാർകുളങ്ങര മുതലായ സ്ഥലങ്ങളിലേക്കാണ് മാനേജ്മെൻറുകാം സ്ഥലംമാററം കൊടുക്കുന്നത്. അയാഠക്ക്, മലബാറിനെപ്പോലെതന്നെയാണ് വാഴൂരും, ചേർത്തലയും, നങ്ങ്യാർകുളങ്ങരയും. ആവശ്യപ്പെട്ട സ്ഥലത്തേക്ക് മാററം കൊടുത്തില്ലെന്നു തന്നെയല്ല, ഒരധ്യാപകനെ മൂന്നും നാലും തവണ മലബാറിലേക്ക് മാററിയതിന് നിരവധി ദൃഷ്ടാന്തങ്ങളുണ്ട്. ഇതുപോലെ തന്നെ കേരള യൂണിവേഴ്സിററി മേഖലയിൽ അസൗകര്യമായ പ്രദേശത്തു ജോലിചെയ്യുന്നവർ സൗകര്യമായ

പ്രദേശത്തേക്ക് സ്ഥലം മാററം ആവശ്യപ്പെട്ടാൽ കൂടുതൽ അസൗകര്യമായ ദിക്കിലേക്ക് മാററുന്നു- ദൃഷ്ടാന്തങ്ങൾ :— എൻ. എസ്. എസ്സ്.—ൽ 15 കൊല്ലം സർവ്വീസുള്ള ആർ. രാജഗോപാലപിള്ളയെ 6 തവണ സ്ഥലം മാററി. എന്നിട്ടും അദ്ദേഹത്തിൻെറ നാടായ പന്തളത്തേക്ക് സ്ഥലം മാററം നൽകിയിട്ടില്ല അത്രയും വർഷത്തെ സർവ്വീസുള്ള കെ. പി. ദിവാകരൻ നായരേയും 6 പ്രാവശ്യം സ്ഥലം മാററിയെങ്കിലും അദ്ദേഹത്തിനാഗ്രഹമുള്ള എം. ജി. കോളേജിലേക്ക് സ്ഥലം മാററം നൽകാൻ മാനേജ്മെൻറ് തയ്യാറായിട്ടില്ല. 14 കൊല്ലത്തെ സർവ്വീസുള്ള എ എസ്. രാമചന്ദ്രനെ 5 പ്രാവശ്യവും, 12 കൊല്ലത്തെ സർവ്വീസുള്ള ആർ. പ്രസന്നൻനായരെ 6 തവണയും സ്ഥലം മാററിയെങ്കിലും അവർക്ക് ഒരു വർഷം പോലും തങ്ങളുടെ നാട്ടിലുള്ള കോളേജിൽ ജോലി ചെയ്യുന്നതിനുള്ള അവസരം മാനേജ്മെൻറ് നൽകിയിട്ടില്ല എസ്സ്. എൻ. — ൽ 16 കൊല്ലത്തെ സർവ്വീസുള്ള വി. ജെ. ജോസഫിനെ 6 തവണയും, 14 വർഷം സർവ്വീസുള്ള എൻ. ശിവരാജനെ അഞ്ചു പ്രാവശ്യവും സ്ഥലം മാററിയെങ്കിലും ഈ അധ്യാപകർക്ക് ഇവരുടെ നാട്ടിലേക്കു സ്ഥലംമാററം നൽകാൻ മാനേജ്മെൻറ് സൻമനസ്സ് കാട്ടിയിട്ടില്ല

## ദമ്പതിമാരെ കഷ്ടപ്പെടുത്തുന്നു

കോർപ്പറേററ് മാനേജ്മെൻറുകളിലെ ജീവനക്കാരായ ദമ്പതിമാർക്ക് ഒരേസ്ഥലത്തോ, അടുത്തടുത്ത സ്ഥലങ്ങളിലോ ജോലിനോക്കാനുള്ള സൗകര്യം നൽകുകഎന്നപതിവില്ല. [ഉദാഹരണത്തിന്, എൻ. എസ്, എസ്സിൽ പതിനാറുകൊല്ലം സർവ്വീസുള്ള എ. കെ. പി സി. ററി. എ. യുടെ മുൻപ്രസിഡൻറുകൂടിയായ പി. രവീന്ദ്രനാഥ് (ഇദ്ദേഹത്തെ 7 തവണ സ്ഥലം മാററിയിട്ടുണ്ട്) സരസമ്മ ദമ്പതിമാർക്ക് ഒരൊററവർഷം പോലും ഒന്നിച്ച് ഒരു കോളേജിൽ പ്രവർത്തിക്കുന്നതിനുള്ള അവസരം മാനേജ്മെൻറ് നൽകിയിട്ടില്ല] ദമ്പതിമാരായ അദ്ധ്യാപകരെ പരസ്പരം വളരെ അകലെ ഉള്ള സ്ഥലങ്ങളിലേക്കോ, ഏററവും അസൗകര്യമായ ദിക്കുകളിലേക്കോ സ്ഥലംമാററുന്നു. 'കുടുംബങ്ങളെ പറിച്ചു നട്ട് കരിച്ചുകളയുക' എന്ന നയമാണ് പല വർഷങ്ങളായി മാനേജ്മെൻറുകൾ അനുവർത്തിക്കുന്നത്. ദമ്പതിമാർക്ക് ഒരേ സ്ഥാപനത്തിലേക്ക് സ്ഥംമാററം നൽകുക എന്നതിന് വികലമായി വ്യാഖ്യാനം നൽകി അവരെ രണ്ടുപേരേയും കൂടി അസൗകര്യമായ ദൂരദിക്കുകളിലേക്ക് സ്ഥലംമാററി ദണ്ഡിപ്പിക്കുന്നു. [ദൃഷ്ടാന്തം— തിരുവനന്തപുരത്തുകാരായ രവീന്ദ്രൻനായർ (പതിനെട്ട് കൊല്ലത്തെ സർവ്വീസിനിടയിൽ 6 തവണ അദ്ദേഹത്തെ സ്ഥലംമാററിയിട്ടുണ്ട്) —ശാന്തകുമാരി ദമ്പതിമാരെ കേരളത്തിൻെറ വടക്കേ അററത്തുള്ള മട്ടന്നൂർ കോളേജിലേക്ക് മാററിയത് ഈയിടെയാണ്.] ഇങ്ങനെയുള്ള ട്രാൻസ്ഫറുകൾ മൂലം എൻ. എസ്. എസ്സ് — എസ്സ്. എൻ. കോളേജുകളിൽ ഒരു വലിയ വിഭാഗം അദ്ധ്യാപകർക്ക് സ്വസ്ഥമായ കുടുംബജീവിതം നയിക്കുവാൻ കഴിയുന്നില്ല.

## തെരഞ്ഞെടുക്കപ്പെട്ടവർ

പ്രാദേശിക സ്വയംഭരണ സ്ഥാപനസമിതികളിലും യൂണിവേഴ്സിററി സമിതികളിലും അംഗങ്ങളാകാൻ അദ്ധ്യാപകർക്ക് അവകാശമുണ്ട്. എന്നാൽ, ആനിലയിൽ പ്രവർത്തിക്കാൻ അവരെ അനുവദിക്കുന്നില്ല. തങ്ങളുടെ പ്രവർത്തനമേഖലയിൽ നിന്നു ദൂരത്തേക്ക് അങ്ങിനെയുള്ള അദ്ധ്യാപകരെ സ്ഥലംമാററുന്നു. [ഉദാഹരണങ്ങൾ—കേ[illegible]രി യൂണിവേഴ്സിററി സെനററുമെമ്പറും ഷ[illegible]ാപ്പാട് പഞ്ചായത്ത് പ്രസിഡൻറുമായ പ്രൊ[illegible]ും പി. നരേന്ദ്രൻ 1981-ൽ ചേർത്തലനിന്ന് തനിക്കടുത്തുള്ള പന്തളം കോളേജിലേക്ക് സ്ഥലം മാററത്തിന് അപേക്ഷിച്ചപ്പോൾ അദ്ദേഹത്തെ മാനേജ്മെൻറ് കോഴിക്കേ[illegible]ുള്ള യൂണിവേഴ്സിററിയുടെ പരിധിയിലു[illegible] ഇനെമ്മാറകോളേജിലേക്ക് സ്ഥലംമാററി[illegible]ന തേപ്പററി പരാതിപ്പെട്ടപ്പോൾ അദ്ദേഹത്തി[illegible]റ വീണ്ടും അതേവർഷം തന്നെ കേരളത്തിൻെ[illegible] ഏററവും വടക്കേഅററത്തുള്ള മട്ടന്നൂർ കോളേജിലേക്ക് സ്ഥലംമാററി. തൃക്കൊടിത്താനം പഞ്ചായത്തുമെമ്പറും ചേർത്തല കോളേജ് എ. കെ. പി. സി. ററി എ ബ്രാഞ്ച് സെക്രട്ടറിയുമായ കെ. രാജഗോപാലപിള്ള, ത

( ശേഷം 23 — ാം പേജിൽ )

# എൻ. എസ്. എസ്. മാടമ്പിത്തത്തിൻെറ അഹന്ത സ്കൂളുകളിലും

(സ്ഥലംമാററം എന്ന ദണ്ഡനമുറ എൻ. എസ്. എസ്. മാനേജ്മെൻറ് സ്കൂളുകളിലും നടപ്പാക്കിയിട്ടുണ്ട്. അതിൻെറ ഇരുണ്ട ചിത്രം താഴെ ചേർക്കുന്നു. 1982 ജൂലായ് ലക്കം കെ. പി. ടി. യു. സന്ദേശത്തിൽ നിന്നാണ് അത് ഇവിടെ ഉദ്ധരിക്കുന്നത്.

—പത്രാധിപർ)

......വിദ്യാർത്ഥി പ്രവേശനത്തിനും അദ്ധ്യാപക നിയമനത്തിന്നും സ്വകാര്യ വിദ്യാലയങ്ങളിൽ നൽകേണ്ടിവരുന്ന കോഴയുടെ ആക്കവും തൂക്കവും ഇത്രമേൽ വർദ്ധിച്ചതിന്ന് ഗണനീയമായ സംഭാവനയാണ് എൻ. എസ്. എസ്. നൽകിയിട്ടുള്ളത്. ഹെഡ് കാർട്ടേഴ്സ് മുതൽ കരപ്രമാണിവരെയുള്ളവരുടെ കീശ വീർപ്പിക്കുവാൻ വൻതുകകൾ ആവശ്യമായി വരുന്നു. നായരീഴവ ക്രൈസ്തവ വ്യത്യാസമില്ലാതെ, ധനിക നിർധനഭേദമെന്യേ നടത്തുന്ന ഈ കൊള്ള സമുദായത്തിൻെറ പേരിലാണെന്നതാണ് കഷ്ടം.

ഇതിന്ന് പുറമെയാണ് മാസംതോറും ആണ്ടോടാണ്ടും നടക്കുന്ന പിരിവുകൾ. പിറന്നാൾ, ശ്രാദ്ധം, ആണ്ടറുതി സമ്മേളനങ്ങൾ തുടങ്ങി പല വകുപ്പിൽപ്പെട്ട പിരിവുകളുണ്ട്. പണ്ടു കാലത്ത് ജൻമി പാട്ടക്കുടിയാനിൽ നിന്ന് അവകാശമെന്ന നിലക്ക് പിരിച്ചെടുത്തിരുന്ന ജൻമഭോഗങ്ങളേയും തിരുമുൽക്കാഴ്ചകളേയും അതിശയിപ്പിക്കുന്ന രീതിയിലാണീ പിരിവുകൾ നടക്കുന്നത്. ഭൂവുടമാ മേഖലയിൽ നിന്ന് മിക്കവാറും തൂടച്ചു മാററപ്പെട്ട ഈ ഫ്യൂഡൽ പാരമ്പര്യം വിദ്യാഭ്യാസ മേഖലയിൽ ഇന്നും കൊടികുത്തി വാഴുകയാണ്. ജൻമിയുടെ സ്ഥാനത്ത് കരപ്രമാണിമാരും സൊസൈററി മേധാവികളുമാണെങ്കിൽ നിരക്ഷരനായ കർഷകക്കുടിയാൻെറ സ്ഥാനത്ത് അഭ്യസ്ത വിദ്യരായ അദ്ധ്യാപകരാണെന്ന വ്യത്യാസമേയുള്ളു. കാര്യസ്ഥൻേറയും ''മുതലു പിടിയുടേ'' യും ജോലി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേലാളന്മാരെക്കൊണ്ട് സമർത്ഥമായി ചെയ്യിക്കുന്നു.

## ക്രൂരവിനോദം

അദ്ധ്യാപകരുടെ സ്ഥലം മാററമെന്ന ക്രൂരവിനോദം ഒരു ലളിതകലയായി വളർത്തിയെടുത്തിരിക്കുകയാണീ സ്ഥാപനങ്ങളിൽ. വൈരനിര്യാതനത്തിന്നും അദ്ധ്യാപകരെ അടിമത്തത്തിൽ കുററിയടിച്ചു കെട്ടിയിടുന്നതിന്നും കൂട്ടത്തിൽ മറെറാരാദായമാർഗമായും സ്ഥലംമാററം ഉപയോഗിക്കപ്പെടുന്നു. സാധാരണഗതിയിൽ അദ്ധ്യയന വർഷാരംഭത്തിൽ, പ്രൊമോഷൻ, കുട്ടികളുടെ കുറവു കൊണ്ടുവരുന്ന ഡിവിഷൻ കുറവ്, അദ്ധ്യാപകൻെറ അപേക്ഷ എന്നീ കാരണങ്ങളാൽ മാത്രമേ സ്ഥലംമാററത്തിൻെറ ആവശ്യമുള്ളു. പക്ഷെ എൻ. എസ്. എസ്. വിദ്യാലയങ്ങളിൽ സ്ഥലംമാററം ഏത് സമയത്തും നടത്തപ്പെടുന്നു. ചട്ടങ്ങളനുസരിച്ച് സീനിയോറിററി, പഠിപ്പിക്കുന്ന വിഷയം തുടങ്ങി പൊതുവെ അംഗീകരിക്കപ്പെട്ട മാനദണ്ഡങ്ങളുണ്ട് സ്ഥലംമാററത്തിന്ന്. പക്ഷെ നമ്മുടെ പ്രമാണി വർഗത്തിന്ന് ഇതൊന്നും ബാധകമല്ല. തെക്കുനിന്ന് വടക്കോട്ടും, കടലോരത്തുനിന്ന് സഹ്യൻെറ മാറിലേക്കും തിരിച്ചും അന്യായമായ സ്ഥലംമാററങ്ങൾ നിത്യേനയെന്നോണം നടത്തപ്പെടുന്നു. കണ്ണൂർ ജില്ലയിലെ ആലക്കോട്, ഇടുക്കിയിലെ കൂട്ടാർ തുടങ്ങിയ ''ആൻറമാനു'' കളിലേക്ക് ജീവപര്യന്തം വിധിക്കപ്പെട്ടവരുണ്ട്.

കുട്ടികളേയും അവരുടെ മാതാപിതാക്കളേയും അകററി ബുദ്ധിമുട്ടിക്കുക എന്ന

ദ്രോഹവും ബോധപൂർവ്വമാണ് നടത്തുന്നത്. മന്നം ജൻമശതാബ്ദിപ്പിരിവിന്റെ ആഘാതപ്രത്യാഘാതങ്ങൾ നിലയ്ക്കുന്നതിന്ന് മുമ്പായിത്തന്നെ നായർ മഹാസമ്മേളനപ്പിരിവു വന്നു. പിരിവ് നൽകാത്തവർ മാത്രമല്ല, ആവശ്യപ്പെട്ടത്ര നൽകാത്തവരും കുടിയിറക്കലിന്ന് വിധേയരായി.

## തീട്ടൂരം

സ്വകാര്യമേഖലയിലെ അദ്ധ്യാപകർക്ക് രാഷ്ട്രീയരംഗത്ത് പ്രവർത്തിക്കുവാനും തെരഞ്ഞെടുപ്പിൽ മത്സരിക്കുവാനുമെല്ലാമവകാശമുണ്ട്. സംഘടിക്കുവാനും അവകാശങ്ങൾക്കുവേണ്ടി പോരാടാനുമുള്ള അവകാശം ഏത് വിഭാഗം ജീവനക്കാർക്കുമുള്ളതാണ്. പക്ഷെ ഇതെല്ലാം എൻ. എസ്. എസ്. വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് നിഷിദ്ധമാണ്. രാഷ്ട്രീയമോ അവരുടെ സന്തതിയായ സംഘടനകളിലെ പ്രവർത്തനമോ ആകാമെന്നു മാത്രമല്ല ആകണം എന്നുകൂടിയുണ്ടുതാനും. തനിക്ക് വേണ്ടത് എനിക്കറിയാമെന്ന പഴയ ജൻമിയുടെ മനോഭാവം തന്നെ. ചുരുക്കത്തിൽ എറാൻമൂളികളുടെ സങ്കേതമാക്കി മാററുകയാണീ സ്ഥാപനങ്ങളെ നട്ടെല്ലുള്ളവർ അഭിശപ്തരാണീ സ്ഥാപനങ്ങളെ, സംബന്ധിച്ചിടത്തോളം. പഞ്ചായത്ത് തെര

---

# പ്രവർത്തകസമിതി....

(പത്താം പേജിന്റെ തുടർച്ച)

കോഴിക്കോട് സർവ്വകലാശാല:– സെനററ് –പ്രൊഫ: വി. നാരായണൻകുട്ടി. അക്കാഡമിക് കൗൺസിൽ–പ്രൊഫ: പി. മുഹമ്മദ്കോയ

## കൺവൻഷൻ

സംഘടനയുടെ പന്ത്രണ്ടാമത് കൺവൻഷൻ 1983 ഫെബ്രുവരി 4,5,6 തീയതികളിൽ കൊല്ലത്തുവച്ച് നടത്തുന്നതാണ്. കൺവൻഷന്റെ നടത്തിപ്പിന് വേണ്ട സ്വാഗതസംഘം രൂപീകരിക്കുന്നതിനുവേണ്ടി കൊല്ലം ജില്ലാ കൗൺസിൽ സെപ്ററംബർ 12–ന് കൊല്ലം എസ്. എൻ. കോളേജിൽവച്ച് ചേരുന്നതാണ്. പ്രസ്തുത യോഗത്തിൽ എല്ലാ പ്രവർത്തക സമിതിയംഗങ്ങളും സംബന്ധിക്കുന്നതാണ്.

കൺവൻഷനോടനുബന്ധിച്ച് ജേർണലിന്റെ വിശേഷാൽ പതിപ്പ് പ്രസിദ്ധീകരിക്കുന്നതിന് പത്രാധിപസമിതിയെ ചുമതലപ്പെടുത്തി. പരസ്യശേഖരണ സംബന്ധമായ കാര്യങ്ങൾക്ക് പ്രസിഡൻറ്, ജനറൽ സെക്രട്ടറി, ഐ. ജി. ഭാസ്കരപണിക്കർ, ടി. ഗോപാലകൃഷ്ണൻ, വി. നാരായണൻകുട്ടി എന്നിവരടങ്ങുന്ന ഒരു ഉപസമിതിയെ നിശ്ചയിച്ചിട്ടുണ്ട്.

ഗവേണിംഗ് ബോഡി/മാനേജിംഗ് കൗൺസിലുകൾ രൂപീകരിക്കാത്ത സ്വകാര്യ മാനേജ്മെൻറുകൾക്ക് കോഴ്സുകൾ അനുവദിച്ച കോഴിക്കോട് യൂണിവേഴ്സിററി നടപടിയെ യോഗം അപലപിച്ചു. നിബന്ധനകൾ വയ്ക്കുന്നതിന് അധികാരമുണ്ടെന്നു കോടതിവിധി ഉണ്ടായിരുന്നിട്ടും ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കാൻ ബാദ്ധ്യതപ്പെട്ട വൈസ് ചാൻസലറും സിൻഡിക്കേററിലെ സർക്കാരുദ്യോഗസ്ഥരും ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കാതിരിക്കുന്നതിന് കൂട്ടുനിന്നു വെന്ന് പ്രവർത്തകസമിതി കുററപ്പെടുത്തി.

പരീക്ഷയിലെ ക്രമക്കേടുകൾ സംബന്ധിച്ച് സർവ്വകലാശാലാതലത്തിലുള്ള അന്വേഷകരായി നിയമിക്കപ്പെടുന്നതിന് അഫിലിയേററഡ് കോളേജിലെ അദ്ധ്യാപകരെ അയോഗ്യരായി നിശ്ചയിച്ച കേരളസർവ്വകലാശാലാനടപടിയിൽ പ്രതിഷേധിക്കുകയും ഈ വിലക്ക് പിൻവലിക്കണമെന്നാവശ്യപ്പെടുകയും ചെയ്തു.

F.A.S. [Foreign Assignment Scheme] ന്റെ ആനുകൂല്യങ്ങൾ വിദേശത്ത് ജോലിക്ക് പോകുന്ന എല്ലാ അദ്ധ്യാപകർക്കും നൽകണമെന്ന് യോഗം സർക്കാരിനോടാവശ്യപ്പെട്ടു.

പ്രൊബേഷൻ നീട്ടുന്നതിനുള്ള ചില മാനേജ്മെൻറുകളുടെ നീക്കത്തിൽ ഉല്ക്കണ്ഠ രേഖപ്പെടുത്തുകയും ഈ ശ്രമത്തിൽനിന്ന് മാനേജ്മെൻറുകളെ പിൻതിരിപ്പിക്കണമെന്ന് സർവ്വകലാശാലകളോട് ആവശ്യപ്പെടുന്ന ഒരു പ്രമേയം പ്രവർത്തകസമിതി അംഗീകരിക്കുകയുംചെയ്തു.

ഞ്ഞെടുപ്പും 1980 ലേയും 82ലേയും തെരഞ്ഞെടുപ്പുകളും ഓരോന്ന് കഴിഞ്ഞപ്പോഴും രാഷ്ട്രീയ വൈരനിര്യാതനത്തിന്റെ ഭാഗമായി സ്ഥലം മാററങ്ങളുടെ പരമ്പരകാം നടന്നു. കോട്ടയം ജില്ലയിലെ പഞ്ചായത്ത് മെമ്പർമാരും പ്രസിഡൻറുപോലും പാലക്കാട്ടിരുന്ന് ഭരിക്കട്ടെ എന്നാണ് ചങ്ങനാശ്ശേരി രാജാവിന്റെ തീട്ടൂരം. 'ജനാധിപത്യ'വും 'ദേശീയത'യും മൊത്തമായും ചില്ലറയായും കച്ചവടം ചെയ്യുന്നവരുടെ വിക്രിയയാണിതെന്നുമോർക്കുക. സംഘടനാപ്രവർത്തനത്തിലേർപ്പെട്ടുവെന്ന കുററം കൊണ്ടു മാത്രം സ്ക്കൂരം തലത്തിൽ കെ. പി. ടി. യു പ്രവർത്തകരേയും, കോളേജ് തലത്തിൽ ഏ. കെ. പി. സി. ടി എ പ്രവർത്തകരേയും കണ്ടമാനം സ്ഥലം മാററിയിട്ടുണ്ട്. വർഷത്തിൽ മൂന്നും നാലും സ്ഥലം മാററം. പതിനഞ്ചു വർഷത്തെ സർവീസിനിടയ്ക്ക് ഇരുപതിലധികം സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുവാനുള്ള സൗഭാഗ്യം സിദ്ധിച്ചവരുമുണ്ട്. ഇതിലൊക്കെ പ്രതിഷേധിച്ചുകൊണ്ട് എൻ. എസ് എസ് ആസ്ഥാനത്ത് ധർണ നടത്തിയ സ്വന്തം ജീവനക്കാരെ ഗുണ്ടകളെ ഉപയോഗിച്ച് നീചമായി മർദ്ദിച്ച സംഭവവും അടുത്തകാലത്തുണ്ടായതാണ്.

സ്ഥലംമാററത്തിന്നിവർക്ക് ശുഭമുഹൂർത്തം കാണുക മാസത്തിന്റെ ആദ്യവാരത്തിലാണ്. എന്നാൽ ആമാസാവസാനം പഴയ സ്ഥാപനത്തിൽ നിന്ന് ശമ്പളമായി മൂന്നോ നാലോ ദിവസത്തെ ശമ്പളമേ കിട്ടൂ. പിന്നെ, അവിടെനിന്ന് കൊടുക്കേണ്ട എൽ പി. സി. വൈകിക്കുക അങ്ങനെ രണ്ടും മൂന്നും മാസം ശമ്പളമില്ലാതെ കുഴയ്ക്കുക. ഡിവിഷൻ കുറഞ്ഞാൽ എത്ര സീനിയറായാലും അനഭിമതനെങ്കിൽ തുലഞ്ഞതുതന്നെ. 'സബ്ജക്ററ് റിക്വയർമെൻറ്' എന്ന നിബന്ധന പാലിക്കാതെ മാനേജർ നടത്തുന്ന അന്യായമായ സ്ഥലം മാററത്തിനും ശിക്ഷ അനുഭവിക്കേണ്ടത് അദ്ധ്യാപകനാണ് —ഡിപ്പാർട്ട്മെൻറ് അംഗീകാരം നൽകില്ല: ശമ്പളം ലഭിക്കുകയുമില്ല. ഇതിനൊക്കെപ്പുറമേ സ്ഥലം മാററപ്പെടുന്ന അദ്ധ്യാപകന് അതെത്ര ദൂരത്തേക്കായാലും നിയമപ്രകാരം ലഭിക്കേണ്ട മുൻകൂർ പോകട്ടെ, യാത്രാബത്തപോലുമില്ല. ഗവൺമെൻറിൻേറയും വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൻേറയും നിയമങ്ങളും ചട്ടങ്ങളും നിബന്ധനകളും വ്യവസ്ഥകളുമൊന്നും ഇവർക്ക് ബാധകമേയല്ല. സീനിയോറിററിലിസ്ററ്, കൺഫർമേഷൻ തുടങ്ങിയവയെന്നും ഈ ഹിരണ്യൻമാർക്ക് ബാധകമല്ല. അതിന്റെ ഫലമായി അദ്ധ്യാപകർക്ക് ലഭിക്കേണ്ട പല ആനുകൂല്യങ്ങളും നഷ്ടപ്പെടുന്നു.

## അറുതിവേണം

എൻ. എസ് എസ്. വിദ്യാലയങ്ങളിൽ അദ്ധ്യാപകരനുഭവിക്കേണ്ടി വരുന്ന ഈ യാതനകൾക്ക് അറുതിവരുത്തണമെന്നും സ്ഥലം മാററത്തിന്ന് നിയതമായ മാനദണ്ഡങ്ങളുണ്ടാകണമെന്നും നിയമമനുശാസിക്കുന്ന ആനുകൂല്യങ്ങൾ അദ്ധ്യാപകർക്ക് നിഷേധിക്കരുതെന്നും മാനേജ്മെൻറിനോട് കെ. പി. ടി യു. ആവശ്യപ്പെടുകയും ഇക്കാര്യത്തിൽ അവരുമായി ചർച്ചക്ക് സന്നദ്ധരാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ഇക്കാര്യത്തിൽ ഗവൺമെൻറ് അതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറിക്കൂടാ – നിയമം തെററി നടക്കുന്നവരെ നിലക്കു നിർത്തണം. ഗവൺമെൻറ് മുൻകൈ എടുത്ത് അദ്ധ്യാപക സംഘടനാ പ്രതിനിധികളുടേയും മാനേജ്മെൻറിൻേറയും യോഗം വിളിച്ച് പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കേണ്ടത് ഗവൺമെൻറിന്റെ ചുമതലയാണ്. അത് നിർവഹിക്കുവാൻ ഗവൺമെൻറ് തയ്യാറാകണം.

---

(continued from page 8)

9. INTER–MANAGEMENT TRANSFERS:

The representatives wanted facilities for intermanagement transfer of teachers. This is a matter involving the willingness of the management, approval of Universities and the Government. The matter has to be examined in detail.

The meeting came to a close at 1.25 PM.

Sd /–
for DIRECTOR OF
COLLEGIATE EDUCATION

### കോഴിക്കോട് യൂണിവേഴ്സിററി

# കോടതിവിധിയെമറികടന്ന് മാനേജുമെൻറിന് പാദസേവചെയ്യുന്നു

അഫിലിയേഷൻ വ്യവസ്ഥകൾ ലംഘി
ക്കുന്ന മാനേജ്മെൻറുകൾ നടത്തുന്ന കോളേ
ജുകൾക്ക് പുതിയ കോഴ്സുകൾ അനുവദി
ക്കുന്നപ്രശ്നം, ആഗസ്ററ് 25 ന് കൂടിയ
കോഴിക്കോട് യൂണിവേഴ്സിററി സിൻറി
ക്കേററു യോഗത്തിൽ വീണ്ടും തർക്കവിഷയ
മായി വന്നു. പുതിയ കോഴ്സുകൾ നൽകാ
നുള്ള മുൻ ഉപാധിയായി കോളേജിൽ നിയമാ
ധിഷ്ഠിത ഭരണ സമിതികൾ രൂപീകരിക്കണ
മെന്ന സിൻറിക്കേററിൻെറ മുൻതീരുമാനം
എൻ. എസ്. എസ്. മാനേജുമെൻറ് ഹൈ
ക്കോടതിയിൽ ചോദ്യം ചെയ്തതിനെ തുടർ
ന്ന് അവർക്ക് ലഭിച്ച 'സ്റേറ'യുടെ മറവിൽ
കഴിഞ്ഞ വർഷം ലഭിച്ച കോഴ്സുകൾ തുടർ
ന്നു നടത്താനുള്ള അനുവാദമായിരുന്നു തർക്ക
പ്രശ്നം. ഇതിനിടെ ഹൈക്കോടതി സിൻറി
ക്കേററെടുത്ത നിലപാടിനെ ശരിവച്ചുകൊണ്ട്
എൻ എസ് എസ്. മാനേജുമെൻറിൻെറ ഹർ
ജി തള്ളിക്കളഞ്ഞിരുന്നു. 'സ്റേറ'യുടെ മറ
വിൽ നേടിയ നേട്ടങ്ങൾ തുടർന്നും നിലനിർ
ത്തുവാൻ എൻ. എസ്. എസ്. മാനേജുമെൻറി
നെ അനുവദിക്കണമോ എന്നതാണ് ചർച്ചയ്ക്കു
വന്നപ്രശ്നം. തങ്ങളുടെ മുടന്തൻ ന്യായങ്ങൾ
ക്ക് മൂർച്ചകൂട്ടുവാൻ മാനേജ്മെൻറ് വക്താ
ക്കൾ യൂണിവേഴ്സിററി ഓഫീസിനു മുമ്പാകെ
'വിദ്യാർത്ഥി പ്രകടനം' സംഘടിപ്പിച്ചിരുന്നു!

അഫിലിയേഷൻ സംബന്ധിച്ച നിയമ
വ്യവസ്ഥകൾ പാലിക്കാത്ത കോളേജുകളിൽ
കഴിഞ്ഞവർഷം 'സ്റേറ'യുടെ സാഹചര്യ
ത്തിൽ അനുവദിക്കപ്പെട്ട കോഴ്സുകൾക്ക് അ
നുമതിനൽകണമെന്ന പ്രമേയം സുദീർഘമായ
ചർച്ചയ്ക്കുശേഷം അവതരിപ്പിക്കപ്പെട്ടപ്പോൾ
എ. കെ. പി. സി. ടി. എ പ്രതിനിധികൾ അവ
തരണഘട്ടത്തിൽ തടസ്സവാദമുന്നയിച്ചു. യൂണി
വേഴ്സിററി നിയമലംഘനം അനുവദിയ്ക്കാനു
ള്ള ഈ പ്രമേയം ചർച്ചചെയ്യാൻ സിൻറിക്കേ
ററിനധികാരമില്ലെന്നും അതുകൊണ്ട് ക്രമവി
രുദ്ധമായ ഈ പ്രമേയത്തിന് അവതരണാനു
മതി നിഷേധിക്കണമെന്നും അവർ വാദിച്ചു.
യൂണിവേഴ്സിററി നിയമത്തിലെ പ്രസക്ത
വകുപ്പുകൾ ഉദ്ധരിച്ചുകൊണ്ട് പ്രൊഫ. ആർ
ആർ. സി. നായർ, നിയമവ്യവസ്ഥകൾ നടപ്പി
ലാവുന്നുണ്ടെന്നുറപ്പുവരുത്തുന്ന കാര്യത്തിൽ
വൈസ്ചാൻസിലർക്കുള്ള പ്രത്യേക ചുമതല
യിലേക്ക് ശ്രദ്ധക്ഷണിക്കുകയും കേരള ഹൈ
ക്കോടതി മൂന്നുപ്രാവശ്യം ശരിവെച്ച നിയമാ
ധിഷ്ഠിത ഭരണ സമിതിയെ സംബന്ധിച്ച
വകുപ്പിനെക്കുറിച്ച് വിധിയെഴുതുവാൻ സിൻറി
ക്കേററിനധികാരമില്ലെന്നു ചൂണ്ടിക്കാണിക്കുക
യും ചെയ്തു. എന്നാൽ അഫിലിയേഷൻകൊടു
ക്കുന്നകാര്യത്തിൽ തീരുമാനമെടുക്കേണ്ടതു സി
ൻറിക്കേററാണെന്നു പറഞ്ഞുകൊണ്ട് വൈസ്
ചാൻസ്ലർ ഈ തടസ്സവാദത്തെ തള്ളിക്കളയു
കയാണുണ്ടായത്.

പ്രശ്നം ചർച്ചയ്ക്കെടുക്കേണ്ട സമയം,
എൻ. എസ്. എസ് മാനേജുമെൻറിൻെറ വ
ക്താവാരെന്നു മനസ്സിലാക്കാൻ സാധിക്കാ
ത്ത വിധം ഒരു വിഭാഗം സിൻറിക്കേററംഗ
ങ്ങൾ ഉറഞ്ഞുതുള്ളാൻ തുടങ്ങി. കോളേജു
കളുടെ നാമമാത്രമായ സാമൂഹ്യനിയന്ത്രണ
ത്തിൻെറയും ജനാധിപത്യവൽകരണത്തിൻെറ
യും ഈ പ്രശ്നത്തിൽ തങ്ങളെവിടെ നില്
ക്കുന്നുവെന്ന് സിൻറിക്കേററിലെ എല്ലാവരും വ്യ
ക്തമാക്കി. പി. സി. ടി. എ യുടെ വോ
ട്ടുവാങ്ങി സിൻറിക്കേററിൽക്കയറിയ ഡോ.
മൂസാ. എ. ബേക്കർ മാനേജുമെൻറിൻെറ വക്
താവായി മുൻപന്തിയിലുണ്ടായിരുന്നു. ഈ
പ്രശ്നത്തിൽ പി. സി. ടി. എ. യുടെ യഥാർ
ത്ഥനിലപാട് എന്താണെന്നും ആ സംഘടന
മാനേജുമെൻറിനെ പ്രീണിപ്പിക്കാൻ എത്രമാ
ത്രം അധ:പതിക്കാൻതയ്യാറാണെന്നും വ്യക്ത
മാക്കപ്പെട്ടു. വിദ്യാഭ്യാസ വിപ്ളവ പ്രസം
ഗത്തിൽ കുറേ വർഷമായി കേരളത്തിൽ ഒന്നാം
സമ്മാനം നേടിയിരുന്ന ആൻറണി കോൺഗ്ര
സ്സിൻെറ പ്രതിനിധി മാനേജുമെൻറിൻെറ
കാര്യസാധ്യത്തിനു പെട്ടപാട് അത്ഭുതകര
മല്ലെങ്കിലും കൗതുകപ്രദമായിരുന്നു. സർ
ക്കാർ പ്രതിനിധിയാകട്ടെ നിയമവ്യവസ്ഥകൾ
നടപ്പിലാക്കേണ്ട കാര്യത്തിൽ അർത്ഥഗർഭമാ
യ നിഷ്പക്ഷതയാണ് പാലിച്ചത്.

പ്രമേയം വോട്ടിനിട്ടപ്പോൾ എ. കെ. പി.
സി. ടി. എ. പ്രതിനിധികൾ 'പോൾ' ആവ
ശ്യപ്പെട്ടു. 4 പേർ പ്രമേയത്തിനെതിരായി
വോട്ടു രേഖപ്പെടുത്തി. എ. കെ. പി. സി.
ടി. എ. യുടെ രണ്ടുപ്രതിനിധികൾക്കുപുറ
മേ കെ. പി. ടി. യു. ജനറൽസെക്രട്ടറി
എച്ച്. കെ. പിഷാരടിയും മാർക്സിസ്ററ്
പാർട്ടി നേതാവ് ടി. ശിവദാസമേനോനും
ആയിരുന്നു അവർ. മാനേജുമെൻറിനുവേ
ണ്ടി നിയമലംഘനത്തിനനുകൂലമായി സി

## ഇൻസർവീസ് കോഴ്സ്കാലം പരിഗണിയ്ക്കും

GOVENMENT OF KERALA, HIGHER EDUCATION (D) DEPARTMENT

Trivandrum

No. 2219/Di/80/H. Edn. Dtd: 22-4-1982

From : The Spl. Secretarp to Govt:

To: The Director of Collegiate Education

Madam,

Sub : Private College Teachers–in-service course conducted by the Kerala University for under qualified teachers–reckoning the period for service benefit regarding-Ref: Your letter No. Esst–D-3678/80, dated 16-1-1081 and 5-11-'81

I am directed to invite a reference to the letters cited and to inform you that the Govt. agree to reckon the period of inser-vice course conducted by the University of Kerala for under qualified private Colle-ge teachers for all service benefits as re-commended by the Syndicate of the Kerala University at its meeting on 13-9-1981 (item No. 51 of the minutes)

Yours faithfully

Sd/- C. Gopalakrishnan Nair


Under Secretary,

for Special Secretary to Govt.

---

ൻറിക്കേററിലെ 6 കൈകൾ ഉയർന്നു. യൂണിവേഴ്സിററി അധ്യാപകരുടെയും പി. സി. ടി. എ. യുടെയും പ്രതിനിധിയായ ഡോ: മൂസാ. എ. ബക്കർ, ആൻറണി കോൺഗ്രസ്സ് നേതാവ് എ. സുജനപാൽ തുടങ്ങിയവർ അതിലുൾപ്പെടുന്നു. കോളേജുകൾക്ക് കോഴ്സ് അനുവദിയ്ക്കുന്ന കാര്യമായതുകൊണ്ട് വിദ്യാർത്ഥി പ്രതിനിധിയുടെ നിഷ്പക്ഷത മനസ്സിലാക്കാവുന്നതാണ്, എന്നാൽ സർക്കാർ നടപ്പിലാക്കിയ നിയമം ലംഘിക്കുന്നവർക്ക് സംരക്ഷണം നൽകുന്ന കാര്യത്തിൽ സർക്കാർ പ്രതിനിധിയുടെ നിഷ്പക്ഷത നിയമലംഘനത്തിനുള്ള മൗനാനുവാദം തന്നെയായിരുന്നു.

# ആദരാഞ്ജലി



## പ്രൊഫ. കെ. ഗോവിന്ദൻനായർ

തിരുവനന്തപുരം എം. ജി കോളേജ് അധ്യാപകനായിരുന്ന പ്രൊഫ. കെ. ഗോവിന്ദൻനായർ അന്തരിച്ചു. എ കെ. പി. സി. ടി. എ. യുടെ എല്ലാ സമരമുഖങ്ങളിലും മുന്നണിയിൽ നിന്നിരുന്ന പ്രൊഫ ഗോവിന്ദൻ നായർ ആത്മാർത്ഥതയും സത്യസന്ധതയും സംഘടനാപരമായ ഉൾക്കാഴ്ചയും ഒത്തുചേർന്ന ഒരു പ്രവർത്തകനായിരുന്നു. ഫാത്തിമ കോളേജ് സമരത്തോടെയാണ് അദ്ദേഹം സംഘടനാപ്രവർത്തനത്തിൽ സജീവമായി പങ്കെടുത്തുതുടങ്ങിയത്. നിയമാധിഷ്ഠിത സേവനവ്യവസ്ഥകൾക്കും, പാരിററിയ്ക്കും വേണ്ടിയുള്ള സമരത്തിലും അദ്ദേഹം പങ്കെടുത്തു. 1972ൽ ഡയറക്ട് പേമെൻറ് സമരത്തിൽ പങ്കെടുത്ത് അറസ്ററുവരിക്കുകയും ജയിലിൽപോവുകയും ചെയ്തവരുടെ കൂട്ടത്തിൽ അദ്ദേഹവുമുണ്ടായിരുന്നു. ഏററവും ഒടുവിലായി 1981 ഫെബ്രുവരിയിൽ നടന്ന സമരത്തിലും, രോഗാതുരനായിട്ടും ഗോവിന്ദൻ നായർ പങ്കെടുത്തു.

ഏ. കെ പി. സി. ടി. എ പ്രവർത്തകർ അനുഭവിക്കേണ്ടിവരുന്ന 'സ്ഥലംമാററശിക്ഷ' വേണ്ടുവോളം അനുഭവിച്ചയളാണ് ഗോവിന്ദൻ നായർ. ഒററപ്പാലം, വാഴൂർ, മട്ടന്നൂർ, ധനുവച്ചപുരം തുടങ്ങിയവ സ്ഥലങ്ങളിലും അദ്ദേഹം ജോലിനോക്കിയിട്ടുണ്ട്.

പ്രൊഫ. ഗോവിന്ദൻ നായർക്ക് എ. കെ. പി. സി. ടി. എ യുടെ ആദരാജ്ഞലികൾ.

# Kerala University Syndicate's Directive to the Educational Agency of B.A.M. College, Thuruthicad

The standing committee considered the direction to the University, viz. to consider the question of giving approval for the appointment of Sri. Thomas Abraham, as Jr. Lecturer in Physics, afresh and pass orders in accordance with law, contained in the judgement of the Honourable High Court of Kerala in O. P. No. 906/1981. and also the direction to the University viz. to consider Exts P 12 and P 13 (representations submitted to the University by Sri. K P. Mathew) and take a decision in accordance with law after affording a reasonable opportunity of being heard to all persons being affected by the Court Order, contained in the judgement of the Hon'ble High Court in O. P. No. 2480/1982. The committee also considered the two representations submitted by Sri. K. P. Mathew, the written statement submitted to the University by Sri. Thomas Abraham, the Manager, B. A. M. College, Thuruthicad and Sri. K. P. Mathew. The committee perused the records relating to the appointments of Sri. Thomas Abraham and Sri. K. P. Mathew also. The committee recommended as follows :

The appointment of Sri. Thomas Abraham made in October 1979 against the substantive vacancy that arose in the college during the academic year 1978-79, be not approved for the following reasons.

1. The appointment of Sri. Thomas Abraham was made in violation of statute 23 (2) of pter II of the Kerala University First Statutes, 1979. The statute is extracted below.

> "A teacher duly appointed on probation or for a specified period or thrown out of service for reasons other than disciplinary action, shall be given preference in the matter of future appointments in the private college, or as the case may be of any of the private colleges under the management of the Educational Agency within the University area".

The substantive post that arose in the Department of Physics during the year 1978-79 was also remaining vacant in the beginning of the accademic year 1979-80. The specific period appointment given to Sri. K. P. Mathew and made against the leave vacancy of Sri. Jacob P. John, terminated on 31-5-1979, and on 1-6-1979 he became a thrownout hand, although continuance was given on 18-6-1979. Sri K. P. Mathew ought to have been preferred for the appointment against the substantive vacancy and appointed against that post. But K. P. Mathew, was not appointed against that vacancy. Instead, Sri Thomas Abraham was appointed in violation of the statute referred to above. As much the appointment of Sri. Thomas Abraham cannot be considered to be in order.

In effect, Sri. K. P. Mathew was a thrownout teacher. The Educational Agency may, therefore, be directed to appoint Sri. K. P. Mathew against the substantive vacancy with retrospective effect from 1-6-1979.

## MAHARASHTRA

# Ordinance Against Teachers

1982 SEEMS to be a most unlucky year for the teaching community of Maharashtra. In the beginning they boycotted the examinations to press their demands. Hardly have they succeeded, the state government has promulgated an ordinance under which examination work is compulsory for school and college teachers.

Teachers who refuse to do examination work assigned to them are liable to disciplinary action where punishment may include loss of pay and allowance for a maximum period of four months. They can be subjected to criminal prosecution; a year's imprisonment if convicted, or fine of Rs. 1 000 or both. The punishment for inciting others to boycott examination work can be two year's imprisonment or fine of Rs. 1,200 or both. These are under section 3 (3), 5 and 6 of the Maharashtra ordinance III of 1282, passed by the governor on May 25, 1982, which makes all examination work compulsory for teachers.

S G Daithankar, secretary, education and employment department of the state government, admitted that the promulgation of the ordinance was necessary due to the continuing boycott of the non-teaching staff of the city's colleges. Since the teaching community has extended its support to college karmacharis' boycott of examination, and without the help of college peons practical examinations cannot be conducted, therefore this ordinance has been brought into action.

According to the Maharashtra federation of university and college teachers' organisation (MFUCTO), the director of education sent a letter to the vice chancellors of Maharashtra late last year, asking them if it was necessary to promulgate an ordinance as there is one in Kerala. Later on January 21, 1982, in a meeting of the joint board of vice chancellors (JBVC) held under the chairmanship of the chancellor at Raj Bhavan Bombay, the V C of Bombay University. Prof Ram Joshi, played the major role and put forward the idea that a similar ordinance be passed by the Maharashtra government. According to a reliable source. "Prof Ram Joshi pointed out that the Kerala government has recently issued an ordinance making it obligatory on the part of the teachers to undertake the examination work. In the light of the threatened boycott of the examination work by teachers, he suggested that an ordinance should be issued on the same lines as the ordinance issued by the Kerala government. The chancellor asked Daithankar, education secretary and Dhotre, law secretary, to jointly amine the issue and put it up to the new minister for concurrence".

( Continued to page 23 )

# തെക്കൻകാററിൽ....

(3-ാം പേജിൻെറ തുടർച്ച)

തന്ന ഗവൺമെൻറു കരാറിൽപ്പറയുന്ന സംഗതികൾ നടപ്പാക്കാൻ ഉണ്ടായ കാലവിളംബം ഒരു ഭരണകൂടത്തിനും ഭൂഷണമായിട്ടുള്ളതല്ല. പുതിയ ഭരണാധികാരികൾ ആണ് ഇപ്പോൾ തിരുവനന്തപുരത്തുള്ളത്. പോയവരുടെ കുററവും കുറവും മൂലധനമാക്കി, പുതിയ നയവും•നീതിയും•നടപ്പാക്കാൻ തുടങ്ങിയവർ. അവർ ഒട്ടും വിളംബം കൂടാതെ അധ്യാപകപ്രശ്നങ്ങളെപ്പററി ചർച്ച നടത്തുകയും പലസംഗതികളെ സംബന്ധിച്ചും ആശാവഹമായ വാഗ്ദാനങ്ങൾ നൽകുകയും ചെയ്തു. പറഞ്ഞ വാക്ക് പാലിക്കേണ്ടതിൻെറ ആവശ്യകതയെപ്പററിയാണ് ഇപ്പോൾ ഞങ്ങൾ പറയേണ്ടതായി വന്നിട്ടുള്ളത്. ആഗസ്ററ് അവസാനത്തിനുമുമ്പ് കോളേജധ്യാപകകാര്യങ്ങളിൽ തീർപ്പും കല്പനയും ഉണ്ടാകുമെന്ന് പ്രഖ്യാപനമുണ്ടായപ്പോൾ ആനന്ദതുന്ദിലാരായവരാണ് കോളേജധ്യാപകർ. ആഗസ്ററിൻെറ അവസാനവും സെപ്ററംബറിൻെറ അന്ത്യവുമെല്ലാം തെക്കൻ കാററിൻെറ മൂളക്കത്തിന് ചെവി കൊടുത്തു മനസ്സുകെട്ടിരിക്കുകയാണവർ.

കേരളത്തിലെ കോളേജധ്യാപകർ, പ്രത്യേകിച്ചും സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഇച്ഛാഭംഗം പുതിയ ഒരനുഭവമല്ല. അവരെ ഇച്ഛാഭംഗപ്പെടുത്തുന്നതിൽ പലതരം ഭരണാധികാരികൾ വിരുതുകാണിച്ചിട്ടുണ്ട്. ഡയറക്ട്പേമെൻറ് ഇതാകയ്യിൽ എന്നുപറഞ്ഞിട്ട് അവർക്ക് അതുനേടാൻ എന്തെല്ലാം വിധത്തിൽ സ്വയം ദണ്ഡിക്കേണ്ടിവന്നു എന്ന കാര്യം കുപ്രസിദ്ധമാണല്ലോ. യു ജി.സി. സ്കെയിലിൻെറ കാര്യത്തിൽ ഒരു ദശകം നീണ്ട വ്യാകുലതയാണവർക്കുള്ളത്. ഇന്ത്യയിലെല്ലായിടത്തും ആകാമെന്നുള്ള ഒരു കാര്യം ഈ കേരള നാട്ടിൽ മാത്രം വയ്യത്രേ.

ചെറിയ ചെറിയ കാര്യങ്ങളാണ് ഇപ്പോൾ ചെയ്യപ്പെടുമെന്ന് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നത്. അതുകളിന്മേൽ ഇത്രയുമൊരു കാലവിളംബമോ ? വൈകിയ നീതി നീതിയുടെ നിഷേധമാണെന്നുണ്ട്. വൈകിയോ വൈകി കിട്ടുന്നതും കിട്ടാത്തതും സമം എന്ന് കാത്തിരിക്കുന്നവർക്ക് ചെടിപ്പുണ്ടാക്കുന്ന ഒരു സ്ഥിതി ഉളവാകുന്നേടത്തോളം ഏത് തീരുമാനവും വൈകിപ്പിയ്ക്കുന്നത് ഭരണാധികാരികളുടെ കാര്യപ്രാപ്തിയ്ക്ക് തെളിവല്ല. ഞങ്ങൾ ഇക്കാര്യം കേരളഗവൺമെൻറിൻേറയും ബഹു: വിദ്യാഭ്യാസമന്ത്രിയുടേയും സമക്ഷം എത്രയും ശക്തിയോടെ അവതരിപ്പിച്ചുകൊള്ളട്ടെ.

# 8 മാസത്തിനുള്ളിൽ നാലാമത്തെ കോളേജിൽ!

എൻ. എസ്. എസ്. മാനേജ്മെൻറ് ഒരധ്യാപകനെ 8 മാസത്തിനുള്ളിൽ നാലാമത്തെ കോളേജിലേക്ക് സ്ഥലം മാററി റിക്കാർഡ് സൃഷ്ടിച്ചിരിക്കുന്നു.! കോമേഴ്സ് ഡിപ്പാർട്ടുമെൻറിൽ രണ്ടു വർഷം പോലും സർവ്വീസ് തികയാത്ത ശ്രീ. കെ.പി. മുരളീധരനെ 1981 ഡിസംബർമാസത്തിലാണ് നെയ്യാററിൻകരയിൽ നിന്നും മട്ടന്നൂരിലേക്ക് സ്ഥലംമാററിയത്. 82 മാർച്ചിൽ ഈ അധ്യാപകനെവീണ്ടും നെന്മാറയിലേക്ക് സ്ഥലംമാററി. ഇപ്പോൾ ശ്രീ. മുരളീധരനെ ചേർത്തലക്ക് മാററിയിരിക്കുന്നു! നിയമന സമയത്ത് കൊടുക്കേണ്ട 'സംഭാവന' കൊടുക്കാത്തതാണു പോൽ ഈ അധ്യാപകൻെറ അപരാധം.

(14-ാം പേജിന്റെ തുടർച്ച)

ന്റെ നാട്ടിനടുത്തുള്ള ചങ്ങനാശ്ശേരി കോളേജിലേക്ക് മാററമാവശ്യപ്പെട്ടപ്പോൾ മാനേജ്മെന്റ് അദ്ദേഹത്തെയും മട്ടന്നൂർ കോളേജിലേക്ക് സ്ഥലം മാററി. നെടുംകുന്നം (കോട്ടയം ജില്ല) പഞ്ചായത്തുമെമ്പർ കൂടിയായ എ. എൻ. തുളസീദാസിനെ നെമ്മാറ (പാലക്കാട് ജില്ല) കോളേജിലേക്ക് സ്ഥലം മാററി സിൻഡിക്കേററ് — സെനററ് — അക്കാദമിക് കൗൺസിൽ അംഗങ്ങളായ പ്രൊഫ. ആർ. ആർ. സി നായർ, പ്രൊഫ. ടി. ഗോപാലകൃഷ്ണൻ, പ്രൊഫ. പി. നരേന്ദ്രൻ, പ്രൊ. പി. രവീന്ദ്രനാഥ്, എൻ. ശിവരാജൻ, ആർ. രമേശൻ, ഡോ. പി. എസ്. പണിക്കർ, ടി. എൻ. രാമൻപിള്ള എന്നിവരേയും മാനേജ്മെന്റുകൾ തുടർച്ചയായി സ്ഥലംമാററി നിയമിച്ചു.] കൂടാതെ, കോളേജ് കൗൺസിൽ അംഗങ്ങളായ അദ്ധ്യാപകരേയും എൻ എസ്. എസ്സ്. -എസ്സ് എൻ. മാനേജുമെന്റുകൾ സ്ഥലം മാററി അവരുടെ കൗൺസിൽ അംഗത്വം നഷ്ടപ്പെടുത്തുന്നുണ്ട് ഗവൺമെന്റിന്റെ കല്പനകൾ ലംഘിക്കുന്ന നടപടികളാണിത് ഉത്തരവാദപ്പെട്ട ജനപ്രതിനിധികളുടെ പൊതുപ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കാതിരിക്കുക എന്ന സാമാന്യജനാധിപത്യ മര്യാദപോലും മാനേജ്മെന്റുകൾക്കില്ലെന്നാണ് മേല്പറഞ്ഞതെല്ലാം തെളിയിക്കുന്നത്.

---

(4–ാം പേജിന്റെ തുടർച്ച)

ക്ഷാ ഫീസ് പരീക്ഷാനടത്തിപ്പിനുവേണ്ടി വിനിയോഗിക്കണം. വകമാറിചെലവുചെയ്യുതുകൂട. മാത്രമല്ല, പണമുണ്ടായാൽപ്പോലും സമയത്ത് ബില്ലു പാസ്സാക്കി, ചെക്ക് എഴുതിഅയയ്ക്കാൻ ഉദ്യോഗസ്ഥൻമാർ മുതിരാത്തകേസ്സുകളുണ്ട്. പരീക്ഷാർത്ഥികളുടെഎണ്ണം കൂടിയാൽ, പരീക്ഷാവിഭാഗത്തിൽ ഉദ്യോഗസ്ഥൻമാരുടെ എണ്ണം അതിന്നാനുപാതികമായി കൂട്ടുന്നു. അങ്ങനെ, അനുനിമിഷം എണ്ണത്തിൽപ്പെരുകിക്കൊണ്ടിരിക്കുന്ന ഉദ്യോഗാസ്ഥന്മാർ ചെയ്യുന്നജോലിയിൽ, പരിക്ഷകന്മാരുടെപ്രതിഫലം നൽകൽകൂടി ഉൾപ്പെടുകയില്ലയോ?യൂണിവേഴ്സിററി അധികൃതന്മാർ ഈ വശത്തേപ്പററി കൂടിശ്രദ്ധിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

പരീക്ഷാ ജോലി സമയബന്ധിതമായ ഒന്നാണ്. ഒന്നാകണം. ആമനോഭാവത്തോടെ പരീക്ഷാവിഭാഗത്തെ പുന:സംഘടിപ്പിക്കാൻ അധികാരികൾക്ക് ചുമതലയുണ്ട്. പരീക്ഷാജോലിയുടെ പ്രതിഫലം നൽകലും ഒരുസമയബന്ധിതമായ കർത്തവ്യമായി അധികാരികൾ കാണാൻ തുടങ്ങിയേപററൂ.

# Maharashtra...

( Continued from 21st page )

However, Daithankar denied that a similar status in the Kerala University Act, was the inspirstion behind tae ordinance, Said he, "where is the question of inspiration? The situation is such that we had no other choice". When this reporter asked V|C Ram Joshi, to comment on tae ordinance, he said. "I have no comments to offer".

MFUCTO claims that Prof Ram Joshi had been evasive on all the three occasions they met him about the ordinance. Even two weeks after the JBVC meeting, he talked in vague terms. And later, twice during university senate meetings held in February and March, when the issue was raised, he tried to suppress it. Further the representatives of MFUCTO were told by Daithankar not to attach so much importance to all that.

The legality of the ordinance can be challenged under section 19 (1) (G) of the Indian constitution and MFUCTO is likely to go to court. The teachers have resented the ordinance and they see it as an attempt to take away a right from them. Said one professor, "the most powerful method of protest has been taken away therefore, there should be every attempt to take it back.

True, examination boycott is the only effective method of collective bargain and government has succeed in twisting the arm of teaching community. Now the battle may go on it court.

ON LOOKER, June 16-30, 1982

# Kerala Private College Teacher

Monthly Journal of the All Kerala Private College Teachers' Association
R. No. M-30265 / 81
Registered No. KL / TV (N)

No. 39


## കേരള പ്രൈവററ് കോളേജ് ടീച്ചർ

# വിശേഷാൽപ്പതിപ്പ്

വിദ്യാഭ്യാസ പ്രശ്നങ്ങൾ
വിശദമായി വിലയിരുത്തുന്ന
ഈടുററ പ്രസിദ്ധീകരണം

## ആകർഷകമായ സംവിധാനം

## ഫെബ്രുവരിയിൽ പ്രസിദ്ധീകരിക്കുന്നു

പരസ്യക്കാർക്ക്

# സുവർണ്ണാവസരം


Printed and Published by V. Narayanan Kutty, at Chempaka Printers, Trivandrum
Phone : 7027, Chief Editor V. N. Murali